# 1 മറിയം മത്തായിയുടെ സുവിശേഷത്തിൽ

## 1.1 വിശ്വൈശ്യരവും ദാവീദുവംശജനുമായ മിശിഹായുടെ മാതാവ്

*മറിയമിന്റെ ഭർത്താവായ ജോസഫിനെ യാക്കോബ് ജനിപ്പിച്ചു. അവളിൽനിന്ന് ക്രിസ്തു എന്നു വിളിക്കപ്പെടുന്ന യേശു ജാതനായി*[1] (മത്താ 1,16).

യേശുവിന്റെ മാതാവായ മറിയമിനെ പുതിയനിയമത്തിൽ ആദ്യം കാണുക മത്താ 1,16ലാണ്. അവിടെ അവളെ രണ്ടു റോളിൽ കാണാം. മറിയമിന്റെ ഭർത്താവായിരുന്നു ജോസഫ്; മറിയം യേശു ക്രിസ്തുവിന്റെ മാതാവും. ഈ ഭാഗത്ത് മത്തായിയുടെ ഉദ്ദേശ്യം യേശുവിനെ ദാവീദുവംശജനായ മിശിഹായെന്ന് അവതരിപ്പിക്കുക യാണ്.

''മറിയമിന്റെ ഭർത്താവ് ജോസഫ്'': ജോസഫിനു മുൻഗണന നല്കി മറിയമിനെ രംഗത്തിറക്കുന്നു (മത്താ 1,16.19). ജോസഫ് ദാവീദുവംശജനാണ്. മറിയം ജോസഫിന്റെ ഭാര്യ എന്ന് വാക്യം 20 പറയുന്നു. ദാവീദുവംശജനായ ജോസഫിന്റെ ഭാര്യയാണ് മറിയം.

''മറിയമിന്റെ ഭർത്താവ് ജോസഫ്'' എന്ന അവതരണം സുവി ശേഷകൻ സ്വീകരിച്ചിട്ടുള്ളത് സോദ്ദേശ്യമത്രേ. ''അബ്രഹാമിന്റെ പുത്രൻ ദാവീദിന്റെ പുത്രൻ യേശുക്രിസതുവിന്റെ'' (മത്താ 1,16) വൃത്താന്തമാണ് പറയുന്നതെന്ന് പ്രാരംഭത്തിൽത്തന്നെ സുവിശേ ഷകൻ പ്രസ്താവിക്കുന്നുണ്ട്. യേശുമിശിഹാ ജന്മനാ ദാവീദുസുത നാകണം. മറിയമിന്റെ കുടുംബപശ്ചാത്തലമോ കുടുംബമോ സുവിശേഷകൻ നല്കിയിട്ടില്ല. അവൾ ദാവീദുവംശജയാണെന്നു പറയുന്നില്ല. ജോസഫ് ദാവീദുവംശജനാണെന്നു വ്യക്തമാക്കുന്നു ണ്ട് (മത്താ 1,6.16.20). പരമ്പരാഗത സങ്കല്പമനുസരിച്ച് അപ്പന്റെ കുലവും കുടുബവുമാണ് മകന്റേത്. ഈ തത്ത്വം മത്താ 1,1-16ൽ പൂർണമായി പാലിച്ചിട്ടുണ്ടല്ലോ. എന്നാൽ ജോസഫ് യേശുവിന്റെ ജനയിതാവല്ല. ജന്മംകൊണ്ട് യേശുവിന്റെ ബന്ധം മറിയമിനോടാണ്. ആ നിലയ്ക്ക് യേശു ദാവീദുവംശജനാകയില്ല. പ്രവചനങ്ങളനുസ രിച്ച് (മിഖാ 5,2-3;ഏശ 11,1;2 സാമു 7,16) മിശിഹാ ദാവീദുഗോത്ര ജനാണണല്ലോ. ജോസഫിന്റെ ഭാര്യ

[1]ഗ്രീക്കു പാഠത്തിന്റെ കൃത്യം പരിഭാഷ.. കന്യകമറിയമിന്റെ പ്രതിശുതവരനായ ജോസഫായിരുന്നു മിശിഹായെന്നു വിളിക്കപ്പെടുന്ന യേശുവിന്റെ പിതാവ് എന്നൊരു സുറിയാനി കൈയെഴുത്തുപ്രതിയുമുണ്ട്.

ജോസഫിന്റെ ഭാര്യ (ജോസഫ് മറിയമിന്റെ ഭർത്താവ്) എന്ന അവസ്ഥയിൽ അയാൾക്കുവേണ്ടിയാണ് അവൾ മകനെ പ്രസവിക്കുക. ഭർത്താവിന്റെ കുലത്തിനുവേണ്ടിയാണ് ഭാര്യയുടെ മകൻ. പ്രശനം അലട്ടുന്ന ജോസഫിനോടു മാലാഖ പറയുന്നു: ''അവൾ ഒരു പുത്രനെ പ്രസവിക്കും; നീ അവന് യേശു എന്നു പേരിടണം'' (മത്താ 1,21). ഭർത്താവിനുവേണ്ടി ഭാര്യ മക്കളെ ഗർഭം ധരിച്ചു പ്രസവിക്കുന്നു എന്നത്രേ യഹൂദ ധാരണ. ജോസഫ് കർത്താവിന്റെ മാലാഖയുടെ വാക്കു പാലിക്കുന്നു. നിയമപരമായി യേശു ജോസഫിന്റെ മകനായിത്തീരുന്നു. അവനു ജോസഫിന്റെ വംശാവകാശമുണ്ട്. തലമുറകളുടെ അടുക്കു നിവർത്തി യേശുവിന്റെ വംശാവലി സുവിശേഷകൻ വരച്ചുവയ്ക്കുന്നു. യേശുവിന്റെ ജനനം ഇസ്രായേലിന്റെ വംശചരിത്രത്തിന്റെ പരമോന്നതിയാണെന്ന് സൂചിപ്പിക്കുന്നു. ദാവീദുവംശജനായ യേശുമിശിഹായുടെ അമ്മയാണ് മറിയം.

''അവളിൽനിന്നു ക്രിസ്തു എന്നു വിളിക്കപ്പെടുന്ന യേശു ജനിച്ചു.'' യേശുമിശിഹായാണ് മറയമിൽനിന്നു പിറന്നത്. യേശു അബ്രഹാമിന്റെയും പുത്രനാണ് (മത്താ 1,1). ഈ അഭിധാനത്തിന്റെ അർഥകല്പനയ്ക്ക് ഉത്പ 12,2-3; 22,18 എന്നീ വേദഭാഗങ്ങൾ സഹായിക്കുന്നു. ദൈവം അബ്രാമിനോടു വാഗ്ദാനം ചെയ്തു: ഭൂമിയിലെ സകല ജനതകൾക്കും അനുഗ്രഹമാകുന്ന സന്തതിയെ. ആ വാഗ്ദത്ത സന്തതിയാണ് യേശു എന്നത്രേ സുവിശേഷവിവക്ഷ. ജനതകൾക്കെല്ലാം അനുഗ്രഹമാകുന്ന യേശുവിനെ പുനരവതരിപ്പിച്ചുകൊണ്ടാണല്ലോ മത്തായി സുവിശേഷം അവസാനിപ്പിക്കുന്നതും (മത്താ 28,18-20). അബ്രഹാമിന്റെ പുത്രൻ എന്ന സ്ഥാനത്ത് യേശു സകല ജനതകളുടേതുമാണ്. മറിയം അവന്റെ അമ്മയും.

യേശു ദാവീദുപുത്രനാണ് (മത്താ 1,1). ദൈവം ദാവീദിനോടും ഒരു സന്തതിയെ വാഗ്ദാനം ചെയ്തു. ദൈവം നിത്യമായി സിംഹാസനാരൂഢനാക്കുന്നവനെ. വാഗ്ദാനമൊഴികളൊഴുകിയത് നാത്താൻ പ്രവാചകനിലൂടെ (2 സാമു 7,16; 2ദിന 17,14; ഏശ 11,1-4). അഭിഷിക്തനും രാജാവും എന്നീ സ്ഥാനങ്ങൾ യേശുവിനു കൈവരുന്ന പരമ്പരാഗത സ്രോതസാണ് ദാവീദ് എന്നു സുവിശേഷകല്പന. ദാവീദിന്റെ ശ്രേഷ്ഠതയ്ക്കാധാരം ധാർമികത്തകവല്ല; ഏകദൈവ വിശ്വാസത്തിലുള്ള സമ്പൂർണ വിശ്വസ്തതയാണ്. യാഹ്വെയെ മാത്രം ആരാധിച്ചു. അതിലാണ് ദാവീദിന്റെ മാതൃക. അദ്ദേഹത്തോടുള്ള ദൈവികവാഗ്ദാനം നിറവേറ്റി നല്കിയ പുത്രനാണ് യേശു. വിശ്വത്തിന്റെ വർണവർഗങ്ങൾക്കാകെ ഐശ്വര്യമായി പിറന്ന

ദാവീദുവംശജനായ രാജകീയ മിശിഹാ. അവന്റെ മാതാവാണ് മറിയം.

### 1.2 ദൈവപുത്രന്റെ അമ്മ

യേശുക്രിസ്തുവിന്റെ ജനനം ഇപ്രകാരമായിരുന്നു:
അവന്റെ അമ്മ മറിയം ജോസഫുമായി
വിവാഹവാഗ്ദാനം കഴിഞ്ഞിരുന്നപ്പോൾ
അവർ സഹവസിക്കുന്നതിനുമുമ്പ്
പരിശുദ്ധാത്മാവാൽ ഗർഭിണിയായി[1] കാണപ്പെട്ടു
(മത്താ 1,18)

യേശുമിശിഹാ ദൈവപുത്രനത്രേ (മത്താ 3,17; 17,5). സജീവദൈവത്തിന്റെ പുത്രൻ മിശിഹാ (മത്താ 16,16). ക്രിസ്തീയ വിശ്വാസത്തിന്റെ കാതലായ സത്യം. ഈ സത്യത്തിന്റെ ആവിഷ്കരണരംഗമാണ് യേശുവിന്റെ മരണവും. മരണം വീക്ഷിച്ച ശതാധിപൻ ഉദ്ഘോഷിച്ചു: സത്യമായും ഇയാൾ ദൈവപുത്രൻ ആയിരുന്നു. (മത്താ 27,54). ദൈവപുത്രൻ ആയിരുന്നു - ജന്മനാ തന്നെ. മറിയമിന്റെ മകൻ (മത്താ 1,13.14.20.21) ദൈവത്തിന്റെ പുത്രനാണ് (മത്താ 2,15). ഇതത്രേ സുവിശേഷകന്റെ ക്രിസ്തുദർശനത്തിന്റെ മുഖ്യധാര.

#### 1.2.1 ശുദ്ധചൈതന്യ ഗർഭം

യേശു ജന്മനാ ദൈവസുതനാണെന്ന സത്യം സുതാര്യമാക്കാൻ സുവിശേഷകൻ പല സങ്കേതങ്ങൾ സ്വീകരിച്ചിട്ടുണ്ട്. അതിലൊന്നാണ് മത്താ 1,18ലെ പ്രസ്താവം: ''മറിയം പരിശുദ്ധാത്മാവിനാൽ ഗർഭിണിയായി[1] കാണപ്പെട്ടു.'' ആർക്കു കാണപ്പെട്ടു? മറിയമിനോ? ജോസഫിനോ? അയല്ക്കാർക്കും മാതാപിതാക്കന്മാർക്കുമെങ്കിൽ അംഗീകരിക്കില്ല. അവരെ കഥയിലെങ്ങും കാണാനുമില്ല. മറിയമിനു തീർച്ചയായും കാര്യമറിയാം. പക്ഷേ, അവൾക്കു ''കാണപ്പെടേ''ണ്ട കാര്യമില്ല. ജോസഫിനു ''കാണപ്പെടുക'' ദിവ്യദർശനമാണ്. മറിയം ജോസഫിനോടു രഹസ്യം പറഞ്ഞിട്ടുണ്ടാവും. അതിനു സാമൂഹ്യസംവിധാനക്രമത്തിൽ സാധ്യതയുണ്ട്. സുവിശേഷകനു ''കാണപ്പെട്ടു.'' വിശ്വസമുള്ളവർക്കു ''കാണപ്പെട്ടു.'' ''നീതിമാനായ''' ജോസഫിനും അതേ ദർശനമുണ്ടായി. അതാണ് സുവിശേഷകന്റെ നിലപാട്.

യേശുവിന്റെ ഭ്രൂണരൂപീകരണത്തിൽ പുരുഷനു പങ്കില്ല. എങ്കിലും യേശു ദാവീദുപുത്രനാണ്. ജന്മനാ ദൈവപുത്രനുമാണ്. ഈ സത്യം

[1]മത്തായി ഉപയോഗിച്ചിട്ടുള്ള ഗ്രീക്കുശൈലിയുടെ പദാനുപദ ഭാഷാന്തരം വയറ്റിലുള്ളവളായി എന്നാണ്.

നിസ്തർക്കമാക്കാൻ സുവിശേഷകൻ അതീവ തത്പരനത്രേ. അക്കാര്യം പറയുമ്പോൾ അദ്ദേഹം വാചാലനാകുന്നു. ധ്വന്യാത്മക ഭാഷ സമർഥമായി പ്രയോഗിക്കുന്നു. മറിയവും ജോസഫും ഒത്തു കല്യാണം കഴിഞ്ഞിരുന്നതേയുള്ളു. ഒത്തുവസിച്ചിട്ടില്ല. അതിനു മുമ്പേ അവൾക്കു വയറ്റിലുണ്ടായി. ഉണ്ടായെന്നതിന് സൂചനകൾ ദൃശ്യമായി. ജോസഫിനാകെ പ്രശ്നമായി. പക്ഷേ, പരിശുദ്ധാത്മാവിനാലാണ് മറിയം ഗർഭിണിയായത്. സുവിശേഷകൻ സത്യത്തിന്റെ ഉള്ളറ തുറക്കുന്നു. ഉറപ്പിന് ജോസഫിന്റെ സംശയവും നിവാരണവുമെന്ന സങ്കേതവും സ്വീകരിച്ചിരിക്കുന്നു. സ്വപ്നം പഴയ നിയമത്തിൽ പലപ്പോഴും ദിവ്യരഹസ്യത്തിന്റെ ചെപ്പു തുറക്കുന്ന വിദ്യയാണല്ലോ. പശ്ചിമേഷ്യൻ ജനസമൂഹങ്ങളാകെ അംഗീകരിച്ചിരുന്നു. മറിയം പരിശുദ്ധാത്മാവിനാൽ ഗർഭിണിയായി. ദൈവിക വെളിപാടിന്റെ ദിവ്യരഹസ്യം.

### 1.2.2 ജോസഫിന്റെ നീതി

മത്താ 1,19 *എന്നാൽ അവളുടെ ഭർത്താവ് ജോസഫ്*
*നീതിമാനാകയാലും അവളെ അപമാനിതയാക്കാൻ*
*ഇഷ്ടപ്പെടായ്കയാലും*
*അവളെ രഹസ്യത്തിൽ ഉപേക്ഷിക്കാൻ തീരുമാനിച്ചു.*
1,20 *ഇവയൊക്കെ അവൻ ചിന്തിച്ചുകൊണ്ടിരിക്കേ*
*ഇതാ! സ്വപ്നത്തിൽ കർത്താവിന്റെ ഒരു മാലാഖ*
*പ്രത്യക്ഷനായി പറഞ്ഞു:*
*ജോസഫ്, ദാവീദുസുതാ,*
*നിന്റെ ഭാര്യ മറിയമിനെ നിന്നോടൊത്തു*
*സ്വീകരിക്കാൻ ഭയക്കേണ്ടാ.*
*കാരണം, തീർച്ചയായും അവളിൽ ഉരുവായിരിക്കുന്നത് പരിശുദ്ധാത്മാവിൽനിന്നാകുന്നു.*
*1,21 അവൾ ഒരു പുത്രനെ പ്രസവിക്കും;*
*നീ അവന് യേശു എന്നു പേരിടണം.*
*കാരണം, അവൻ സ്വജനത്തെ*
*അവരുടെ പാപങ്ങളിൽനിന്നു രക്ഷിക്കും.*

ദാവീദിന്റെ മകനായി യേശുമിശിഹാ ജനിക്കാൻ ജോസഫും മറിയവും വഹിക്കുന്ന പങ്ക് മത്താ 1,19-21 സൂചിപ്പിക്കുന്നു. ജോസഫിന്റെ സ്വഭാവവൈശിഷ്ട്യത്തിന്റെയും പ്രശ്നത്തിന്റെയും സൂചനയുണ്ട്. പ്രശ്നപരിഹാരവുമുണ്ട്. ജോസഫ് പരിഗണിക്കുന്നതും ദൈവം ഇച്ഛിക്കുന്നതും. പ്രധാന വിഷയവും ഉൾക്കൊള്ളിച്ചിട്ടുണ്ട്. യേശുമിശിഹാ ദൈവപുത്രനാകുന്നു. തൊട്ടുപിന്നാലെ 'അമ്മാനുയേൽ 'പ്രവചനവും (ദൈവം നമ്മോടുകൂടെ) ഉദ്ധരിക്കുന്നു.

മത്താ 1,19-21ന്റെ അർഥകല്പനയ്ക്ക് നാലു പദങ്ങളുടെ അർഥവിചാരം നിർണായകമാണ്. ''നീതിമാൻ'' (*ദികായിയൊസ്*), ''പരസ്യമാക്കുക'' (*ദെയ്ഗ്മാതിസായി*), ''രഹസ്യത്തിൽ'' (*ലാത്രാ*), ''വേർപെടുത്തുക'' (*അപോലുഓ*) എന്നിവയാണ് പദങ്ങൾ. രണ്ടെണ്ണത്തിന്റെ ഭാഷാന്തരത്തിലാണു പ്രശ്നം. *ദെയ്ഗ്മാതിസായി* 'അപമാനിതയാക്കുക' (പരിഹാസപാത്രമാക്കുക) എന്നും, *അപോലുഓ* 'വിവാഹബന്ധം വേർപെടുത്തുക / ഉപേക്ഷിക്കുക' എന്നുമുള്ള അർഥത്തിലാണ് RSV, NRSV ഉൾപ്പടെ മിക്ക ആംഗലേയ വിവർത്തനങ്ങളും മലയാളവിവർത്തനങ്ങളും[1] പരിഭാഷപ്പെടുത്തിയിട്ടുള്ളത്. ഇത് സുവിശേഷതാത്പര്യത്തിനു നിരക്കാത്തതും തെറ്റിദ്ധാരണാജനകവുമാണ്.

''ജോസഫ് നീതിമാനായിരുന്നു.'' മറിയമിന്റെ ഗർഭത്തിന് ജോസഫിനെ സംശയിക്കാൻ ലേശവും പഴുതില്ല എന്നാവാം ആദ്യ പ്രതീതി. ''നീതി,'' ''നീതിമാൻ'' എന്നിവയെക്കുറിച്ച് ബൈബിളിലും യഹൂദപാരമ്പര്യത്തിലും ചില സങ്കല്പങ്ങളുണ്ട്. സുവിശേഷത്തിലുമുണ്ട്. അതൊക്കെ പരിഗണിച്ച് അർഥകല്പന ചെയ്യണം. ബൈബിളിൽ (പഴയ നിയമത്തിൽ) 'നീതിമാൻ' എന്ന വിശേഷണം വലിയ ബഹുമതിയായിരുന്നു. മോശയുടെ നിയമസംഹിതയുടെ നിർദേശങ്ങൾ നിഷ്ഠയോടെ പാലിക്കുന്നവൻ 'നീതിമാനാ'യിരുന്നു. അതായത്, നിയമത്തിൽ ആവിഷ്കൃതമായ ദൈവഹിതം സമൂഹത്തിന്റെ താത്പര്യത്തിനൊത്ത് അനുസരിക്കുന്നവൻ.

അവിഹിതഗർഭധരിത്രിയെ കൈകാര്യം ചെയ്യേണ്ട നിയമവിധികളുണ്ടായിരുന്നു. അവ മാനദണ്ഡമാക്കിയാൽ ജോസഫ് 'നീതിമാൻ' ആയിരുന്നെന്നു പറയാനാവില്ല. നിയമസംഹിതയുടെ നിർദേശമനുസരിച്ച് (നിയ 20,20-22) അവളെ പിതൃഭവനത്തിന്റെ പടിവാതില്ക്കൽ കല്ലെറിഞ്ഞുകൊല്ലാൻ ഏർപ്പാടാക്കാം. അതല്ലെങ്കിൽ പടിക്കു പുറത്തിറക്കി പിണ്ഡം വച്ച് സമൂഹശുദ്ധി സാധിക്കാൻ ശുഷ്കാന്തി കാണിക്കാം. ഇസ്രായേലിൽനിന്ന് ആ ദുഷ്ടത നീക്കിക്കളയുക (നിയ 22,22) എന്ന ശൈലി ഈ ലഘുശിക്ഷാക്രമം സൂചിപ്പിക്കുകയാവാം. 'നീതിമാനായ' ജോസഫ് ദൈവജനസമൂഹത്തിന്റെ നൈതികചട്ടങ്ങൾ അനുസരിക്കാൻ ബാധ്യസ്ഥനാണ്. എന്നിട്ടും ഇപ്പറഞ്ഞപോലൊന്നും ചെയ്യുന്നില്ല. ഇവിടെ ജോസഫിന്റെ നീതിയുടെ തികവും നിറവും നിർണയിക്കാനുള്ള സൂചികയുണ്ട്.

[1]സത്യവേദപുസ്തകം: ... അവൾക്കു ലോകാപവാദം വരുത്തുവാൻ അവനു മനസ്സില്ലായ്കകൊണ്ടും അവളെ ഗൂഢമായി ഉപേക്ഷിപ്പാൻ ഭാവിച്ചു

ജോസഫിന്റെ നീതി അദ്ദേഹത്തിന്റെ ദീനാനുകമ്പയിൽ ഒതുങ്ങുമോ? ഉപോദ്ബലകമായി അവളെ അപമാനിതയാക്കാൻ ഇഷ്ടപ്പെടായ്കയാൽ രഹസ്യത്തിൽ ഉപേക്ഷിക്കാൻ തീരുമാനിച്ചു എന്ന ന്യായവത്കരണം സുവിശേഷസങ്കല്പത്തിലുണ്ടോ? അത്തരമൊരു നടപടിക്ക് സാധ്യത നിയമസംഹിത നല്കുന്നുണ്ടോ? സ്ത്രീയുടെ പരസംഗത്തിനു സാക്ഷിയില്ലെങ്കിൽ പരസ്യവിചാരണയ്ക്കേല്പിക്കുക. പൊതുജനസമക്ഷം ആക്ഷേപപാത്രമാക്കുക. സംഖ്യ 5,11-13ന്റെ സാരം. ഇപ്രകാരം പ്രവർത്തിക്കാൻ ജോസഫ് ഇഷ്ടപ്പെട്ടില്ല. എന്തുകൊണ്ട്? അവളെ അപമാനിതയാക്കേണ്ടന്നു കരുതി രഹസ്യമായി ഉപേക്ഷിക്കാ്മെന്നു തീരുമാനിച്ചതിനാലോ? നടപ്പില്ലാത്ത കാര്യം. അമ്മയും കുഞ്ഞും എങ്ങനെയും ജീവിച്ചു കൊള്ളട്ടെ എന്നു കരുതി 'രഹസ്യത്തിൽ' ഉപേക്ഷിക്കുന്ന ഏർപ്പാട് യഹൂദസമൂഹത്തിനു സ്വീകാര്യമായിരുന്നു എന്നതിനു തെളിവില്ല. വിവാഹബന്ധം രഹസ്യമായി വിച്ഛേദിക്കുന്ന വ്യവസ്ഥിതി യഹൂദസമൂഹത്തിലില്ലായിരുന്നു. രഹസ്യമായി ഉപേക്ഷിക്കുന്നതിന് നിയമസാധുതയില്ല. രണ്ടു സാക്ഷികളുടെ സാന്നിധ്യത്തിൽ ഉപേക്ഷാപത്രം കൊടുത്ത് പരസ്യമായി ചെയ്യുന്ന നടപടിയായിരുന്നു മൊഴി ചൊല്ലൽ (മത്താ 19,7-8; നിയ 24,1-4). ജോസഫ് രഹസ്യമായി ഉപേക്ഷിച്ചാൽ മറിയം അപമാനിതയാകാതിരിക്കുമോ? ഇല്ലല്ലോ. ഏറെനാൾ രഹസ്യമായി വയ്ക്കാവുന്ന രഹസ്യമല്ലല്ലോ മറിയമിന്റേത്. അത് പരസ്യമാകുമ്പോൾ അവൾ അപമാനിതയാകുകയില്ലേ? ജോസഫിനെയും സമൂഹം കുറ്റം വിധിക്കില്ലേ? ജോസഫ് 'നീതിമാൻ' ആകുമോ? സ്വന്തം സുരക്ഷ മാത്രം പ്രവർത്തിക്കാനാരംഭിച്ച ജോസഫിനെ സുവിശേഷകൻ 'നീതിമാൻ' എന്നു വിശേഷിപ്പിക്കുകയുമില്ല. സംഖ്യ 5,11-31ന്റെ താങ്ങിൽ മത്താ 1,19ന്റെ പ്രസക്തഭാഗം ഭാഷാന്തരപ്പെടുത്തുന്നത് സുവിശേഷ താത്പര്യത്തിനു നിരക്കുന്നതല്ല. സുവിശേഷകന്റെ താത്പര്യം തുടർന്നുള്ള ഭാഗത്തുണ്ട്.

**ദൈവഹിത നിർവാഹകൻ**

നിയമത്തിന്റെ കർക്കശ നിർദേശങ്ങൾ ജോസഫ് അനുസരിച്ചില്ല. പിന്നെങ്ങനെ അദ്ദേഹം നീതിമാനാകും? സ്വപ്നത്തിന്റെ രണ്ടാം ഭാഗവും അനന്തര ഫലവും കാര്യം പറയും. ജോസഫിന്റെ ആഗ്രഹങ്ങളെ തകിടം മറിക്കുന്നതായിരുന്നു ദൈവിക പദ്ധതിയും ദൈവേച്ഛയും. എന്നിട്ടും ഉറപ്പു ലഭിച്ചപ്പോൾ സ്വന്തം ഗുണദോഷവിചാരങ്ങൾ വിസ്മരിച്ചു. വെളിപ്പെട്ട ദൈവേച്ഛ നിർവഹിച്ചു. "അവളെ രഹസ്യത്തിൽ വേർപെടുത്താൻ ആഗ്രഹിച്ച" ജോസഫ് ഉറക്കത്തിൽനിന്ന് ഉണർന്ന് കർത്താവിന്റെ മാലാഖ കല്പിച്ചതുപോലെ പ്രവർത്തിച്ചു. തന്റെ ഭാര്യയെ കൂടെ സ്വീകരിച്ചു; പുത്രനെ പ്രസ

വിക്കുംവരെ അവൻ അവളെ അറിഞ്ഞില്ല; അവന് യേശു എന്ന് അവൻ പേരിട്ടു (മത്താ 1,24-25).

മറിയമിന്റെ രഹസ്യം ദൈവിക രഹസ്യമാണെന്ന് ഉറപ്പായപ്പോൾ - ദൈവം വെളിപ്പെടുത്തിയപ്പോൾ - ആ ദിവ്യരഹസ്യത്തിനു മുമ്പിൽ നമ്രശിരസ്കനാകുന്ന ജോസഫിനെയാണ് 'നീതിമാൻ' എന്ന വിശേഷണംകൊണ്ട് സുവിശേഷകൻ വിവക്ഷിക്കുക. ദൈവിക പദ്ധതികളുടെയും ഇച്ഛകളുടെയും രഹസ്യത്തിന്റെയും കാവല്ക്കാരനും കർത്താവുമായ ജോസഫ് നീതിമാനാണ്. ദൈവമുമ്പാകെ നീതിമാനാണ് (ഉദാ: അപ്പ 10,22). ഫരിസേയരുടെയും നിയമജ്ഞരുടെയും നീതിശാസ്ത്രത്തിന് അഗ്രാഹ്യമായ നീതി. അവരുടെ നൈതിക വിധിയുടെ പരിധിക്കു പുറത്തു പോയതാണ് ജോസഫിന്റെ നീതിയുടെ പ്രത്യേകതയും. ഗതാനുഗതികയിൽനിന്നു വ്യതിചലിച്ച് ചടുലമായ വ്യാഖ്യാനം നിയമത്തിന് യേശു നല്കുന്നു എന്നതാണല്ലോ മത്തായിയുടെ സുവിശേഷത്തിന്റെ സങ്കല്പം. അതിനു നിരക്കുന്ന രീതിയിൽ ജോസഫിലെ നീതിമാനെ നാം കണ്ടറിയണം.

പരസ്യമാക്കുക എന്നതിന്റെ ഗ്രീക്കു ക്രിയാപദം *ദെയിഗ്മാതിസോ.* 'അപമാനത്തിനിരയാക്കുക,' (ആക്ഷേപപാത്രമാക്കുക) എന്ന അർഥവുമാകാം. ഈ പദം പുതിയ നിയമത്തിൽ രണ്ടിടത്തു മാത്രം. മത്താ 1,19ലും കൊളോ 2,15ലും. കൊളോ 2,15ൽ ദുരർഥ സൂചനയോടെയാണ്. എന്നാൽ, അത്തരത്തിൽ മത്താ 1,19ലെ പ്രയോഗവും വ്യാഖ്യാനിക്കാനാകില്ല. സുവിശേഷവിവരണത്തിന്റെ മൊത്തം താത്പര്യവും പരിഗണിച്ച് വിധിക്കണം. വ്യാഖ്യാതാവിന്റെയോ അനുവാചകന്റെയോ താത്പര്യത്തിനൊത്തല്ല വ്യാഖ്യാനിക്കേണ്ടത്. തത്കാലം ജോസഫ് പരസ്യമാക്കിയില്ലെങ്കിലും വൈകാതെ പരസ്യമാകുമെന്ന് മുകളിൽ സൂചിപ്പിച്ചുവല്ലോ. പരസംഗം നിമിത്തം ജോസഫ് മറിയമിനെ ഉപേക്ഷിച്ചെന്ന് അങ്ങാടിപ്പാട്ടാകും. ജോസഫ് അവളെ ഉപേക്ഷിക്കുന്നത് ഏതുവിധവും അവളെ അപമാനിതയാക്കും. അതിനാൽ, അപമാനിതയാക്കുക എന്ന അർഥം *ദെയിഗ്മാതിസോ* എന്ന പദത്തിന് മത്താ 1,19ൽ ചിതമല്ല. സുവിശേഷകൻ ഉദ്ദേശിക്കുന്നുമില്ല.

*ദെയിഗ്മാതിസോ*യുടെ നിഷ്പത്തി *ദെയിക്നുമി* എന്ന ഗ്രീക്കു ക്രിയാധാതുവിൽനിന്നാണ്. ചൂണ്ടിക്കാണിക്കുക, പ്രദർശിപ്പിക്കുക, പരസ്യമാക്കുക, സൂചിപ്പിക്കുക എന്നൊക്കെ അർഥമാകാം. സാമാന്യമായ അർഥം വെളിച്ചത്തു കൊണ്ടുവരിക, അനാവൃതമാക്കുക, ദൃശ്യമാക്കുക മുതലായവ.[1] സന്ദർഭാനുസരണം സദർഥവും ദുരർ

[1]H.Balz-G.Schneider, "*deigmatizo*," "*deiknumi*," *deikuno*," *EDNT* II, 280.

ഥവുമാകാം. ദുരർഥസങ്കല്പം മാത്രമല്ല ഉള്ളത്. മത്താ 1,19ൽ അർഥനിർണയത്തിന് ജോസഫിന്റെ നിലയും പരിഗണിക്കണം.

ജോസഫിന്റെ ഭയവും പര്യാലോചനകളും പര്യാകുലതകളും രഹസ്യത്തിന്റെ രഹസ്യത്തിലേക്ക് വിരൽ ചൂണ്ടുന്നു. അതായത്, ജോസഫിനു രഹസ്യം അറിയാമായിരുന്നു എന്ന സുവിശേഷ രഹസ്യം. പരിശുദ്ധാത്മാവിനാൽ മറിയം ഗർഭിണിയായിരിക്കുന്നു എന്ന രഹസ്യം ജോസഫ് അറിഞ്ഞിരുന്നു എന്ന രഹസ്യം. അവ ളുടെ ഗർഭത്തിന്റെ ദൈവികപ്രവർത്തനരഹസ്യം. അതിൽ അന്തർ ഭവിച്ചിട്ടുള്ള ദൈവേച്ഛയും രഹസ്യവും കാണപ്പെട്ടപ്പോൾ അതിനു മുമ്പിൽ ജോസഫ് പകച്ചുപോയി. അറിയാമെങ്കിലും ദിവ്യരഹസ്യം അഭിമുഖീകരിക്കുമ്പോൾ പ്രഥമ പ്രതികരണം സംശയവും തർക്ക വുമാണ്. സാമൂഹ്യവ്യവസ്ഥിതിയുടെ പിൻബലവുമുണ്ട്. രഹസ്യം അറിയാെങ്കിലും മറിയമിനെ സ്വീകരിക്കാൻ പര്യാപ്തമാക്കുന്ന കൂടുതൽ ശക്തമായ ഉറപ്പ് ദൈവത്തിൽനിന്നു ലഭിക്കണം. ഇതാണ് ദൈവിക രഹസ്യാവിഷ്കരണ – സ്വീകരണത്തെക്കുറിച്ചുള്ള ബിബ്ളി ക്കൽ ക്രമം. മറിയമിന്റെ രഹസ്യം, തനിക്കു കാണപ്പെട്ട രഹസ്യം, വെളിപ്പെടുത്താൻ ജോസഫിനാവില്ല. വെളിപ്പെടുത്തിയാൽ വിലപ്പോ വില്ല. പരിശുദ്ധാത്മാവിനാൽ മറിയം ഗർഭിണിയായിരിക്കുന്നു എന്ന രഹസ്യം ജോസഫ് പരസ്യമാക്കിയാൽ ഗർഭത്തിനു ജോസഫിനെ ഉത്തരവാദിയാക്കി രണ്ടു പേരെയും സമുദായം വിധിക്കാനും സാധ്യതയുണ്ട് (നിയ 22). ഇവിടെയാണ് ജോസഫിന്റെ വേദനയുടെ ആഴം ദർശിക്കേണ്ടത്. അറിയാവുന്ന രഹസ്യം പരസ്യമാക്കാനും സ്വീകരിക്കാനും നിരാകരിക്കാനും സാധിക്കാത്ത അവസ്ഥ. അക്ഷ രാർഥത്തിൽ ഊരാക്കുടുക്കിൽ. കടലിനും ചെകുത്താനുമിടയ്ക്ക്! മറിയമിനെ അപമാനിതയാക്കാൻ ഇഷ്ടപ്പെടായ്കയല്ല; അവളുടെ രഹസ്യം പരസ്യമാക്കാൻ ആഗ്രഹിച്ചില്ല എന്നാണ് *ദെയിഗ്മാതിസായി* എന്ന പദമുപയോഗിച്ചുള്ള സുവിശേഷവിവരണത്തിന്റെ വിവക്ഷ. ജോസഫിന്റെ ഈ നിലപാട് അദ്ദേഹത്തിന്റെ നീതിക്കു നിറക്കൂ ട്ടേകുന്നു.

സുവിശേഷകൻ ജോസഫിനെ അവതരിപ്പിക്കുന്ന വിധവും അതിന്റെ ഉദ്ദേശ്യവും വളരെയേറെ പ്രധാനമാണ്. ജോസഫ് ദാവീദുവംശജനാണ്. അദ്ദേഹം മറിയമിന്റെ ഗർഭത്തിലെ കുഞ്ഞി നെ സ്വീകരിച്ചാൽ മാത്രമേ ആ കുഞ്ഞ് ദാവീദിന്റെ പുത്രനായി ജനിക്കയുള്ളു. ജോസഫ് മറിയമിനെ രഹസ്യമായി നിരാകരിച്ചാലും യേശു ദാവീദുസുതനായി ജനിക്കില്ല. ജോസഫിനെ കഥയിൽ കൊണ്ടുവരുന്നതിന്റെ ഉദ്ദേശ്യമാകെ പാളും. യേശു ദാവീദുപുത്ര നെന്ന് സുവിശേഷത്തിന്റെ ആമുഖത്തിൽത്തന്നെ പറഞ്ഞിട്ടുണ്ട്.

"രഹസ്യത്തിൽ" (*ലാത്രാ*) "വേർപെടുത്താൻ" (*അപൊലൂസായി*) ആഗ്രഹിച്ചു. *അപൊലൂസായി* (*അപൊലൂഓ*)എന്ന ക്രിയ 'മൊഴി ചൊല്ലുക' എന്ന അർഥത്തിലാണ് ആംഗലേയ, മലയാള വിവർത്ത നങ്ങൾ പൊതുവെ സ്വീകരിച്ചിട്ടുള്ളതെന്ന് മുകളിൽ ചൂണ്ടിക്കാട്ടി യല്ലോ. ഭാഷാന്തരം സുവിശേഷസങ്കല്പത്തോടു നീതി പുലർത്തു ന്നില്ല. പദത്തിന്റെ അർഥം 'ഇഷ്ടത്തിനു വിടുക,' 'വേർപെടുത്തുക,' 'സ്വതന്ത്രമായി വിടുക,' 'പറഞ്ഞുവിടുക,' 'തിരിച്ചയക്കുക' എന്നൊ ക്കെയുണ്ട്. വൈവാഹിക ബന്ധം സംബന്ധിച്ചാകുമ്പോൾ ബന്ധം വേർപെടുത്തുക എന്ന അർഥവുമാകാം. ഈ അർഥം സുവിശേഷ ഭാഗത്തു സംഗതമല്ലെന്ന് മനസ്സിലാക്കിയല്ലോ. രഹസ്യമായി മൊഴി ചൊല്ലുന്ന സമ്പ്രദായം ഇല്ലായിരുന്നു. അതിനു വിലയില്ല. അത് അംഗീകൃതമല്ല. ജോസഫ് അങ്ങനെ ചെയ്യുന്നതുകൊണ്ട് മറിയ മിനും കുഞ്ഞിനും ഒരു പ്രയോജനവുമില്ല. സർവോപരി, ജോസഫ് മറിയമിനെ സംശയിച്ചുവെന്ന് സുവിശേഷകൻ ഒരിടത്തും പറയു ന്നുമില്ല. വിവാഹവാഗ്ദാനം മാത്രം കഴിഞ്ഞിരിക്കേ അവർ സംഗമി ക്കുന്നതിനു മുമ്പ് മറിയം പരിശുദ്ധാത്മാവിനാൽ ഗർഭിണിയായി കാണപ്പെട്ടതുകൊണ്ടാണ് അവളെ പരസ്യമാക്കാൻ (അപമാനിത യാക്കാൻ) ജോസഫ് ഇഷ്ടപ്പെടാത്തത്.[1] സുവിശേഷപരവും ചരിത്രപരവും സാമൂഹ്യവുമായ വസ്തുതകൾ "രഹസ്യത്തിൽ വേർപെടുത്താൻ ആഗ്രഹിച്ചു" എന്ന പ്രസ്താവനയുടെ അന്തരാർ ഥത്തിലേക്കുള്ള വിരൽചൂണ്ടിയാണ്.

മറിയമിനെ അവളുടെ രഹസ്യത്തോടെ വേർപെടുത്താൻ ജോസഫ് ആഗ്രഹിച്ചു. അവളെ തനിയെ വിടാൻ. അവളുടെ രഹസ്യം രഹസ്യമായി സൂക്ഷിച്ചുകൊണ്ട് പിന്തിരിയാൻ അദ്ദേഹം അഭിലഷിച്ചു. ദൈവികരഹസ്യത്തിന്റെ മുമ്പിലെ ഭയംമൂലം. കർ ത്താവിന്റെ മാലാഖ ജോസഫിനോടു പറയുന്നത് "നിന്റെ ഭാര്യയെ കൂടെ സ്വീകരിക്കാൻ നീ ഭയക്കേണ്ട" എന്നാണ്. ജോസഫിന്റെ ഭയത്തിന്റെ അർഥമെന്ത്? 'ഭയക്കുക' എന്ന പദത്തിന് ബൈബിൾപാ രമ്പര്യത്തിൽ സവിശേഷ സാരമുണ്ടല്ലോ. ദിവ്യരഹസ്യം വെളിപ്പെടു മ്പോൾ മനുഷ്യന്റെ ആദ്യപ്രതികരണമാണ് 'ഭയപ്പെടുക.' ജോസഫ് ഭയപ്പെട്ടത് മാലാഖയെ കണ്ടല്ല. മറിയമിന്റെ ഗർഭധാരണത്തോടനു ബന്ധിച്ച് അവൾ ഭയപ്പെടുന്ന കാര്യം ലൂക്കാ രേഖപ്പെടുത്തിയിട്ടുണ്ട് (ലൂക്കാ 1,30). സമാനമായൊരു സാഹചര്യത്തിൽ സഖറിയായും ഭയപ്പെട്ടു (ലൂക്കാ 1,13). രണ്ടുപേരും ഭയപ്പെട്ടത് ഗർഭധാരണത്തക്കു റിച്ചു മുന്നറിയിക്കാനാഗതനായ മാലാഖയെ അഭിമുഖീകരിച്ചപ്പോ

[1]സുവിശേഷകൻ പറയാത്ത കാര്യങ്ങൾ ജോസഫിൽ ആരോപിച്ച് വ്യാഖ്യാനി ക്കുന്നതിലാണ് തകരാറ്.

ളാണ്. മത്തായിയുടെ സുവിശേഷത്തിൽ ജോസഫ് ഭയപ്പെട്ടു - ഗർഭിണിയായി കാണപ്പെട്ട ഭാര്യ മറിയമിനെ സ്വീകരിക്കാൻ. അവളിൽ കാണപ്പെട്ട ദൈവരഹസ്യം അഭിമുഖീകരിച്ചപ്പോൾ ജോസഫ് ഭയപ്പെട്ടു. നിയമത്തിന്റെ കാർക്കശ്യമോർത്തു ജോസഫ് ഭയക്കേണ്ടെന്ന് നാം മുമ്പേ മനസ്സിലാക്കിയല്ലോ. തനിക്കു ദൃശ്യമായ ദിവ്യരഹസ്യം ഉൾക്കൊള്ളുന്ന മറിയമിൽ കർമനിരതമായിരിക്കുന്ന അസാധാരണമായ ദൈവികപദ്ധതിക്കു മുമ്പിൽ ജോസഫ് ഭയവിഹ്വലനാകുന്നു.

അനാവൃതമാകുന്ന ദിവ്യരഹസ്യത്തിനു മുമ്പിൽ ഭയവിഹ്വലരാകുന്ന നീതിജ്ഞരുടെ നിരകൾ നിറഞ്ഞതാണല്ലോ ബൈബിളിലെ രക്ഷാചരിത്രം. പ്രത്യേകിച്ച് പ്രേക്ഷകന്റെ ജീവിതവഴിയിൽ, ദൈവം പ്രത്യക്ഷപ്പെടുകയും ഇടപെടുന്നതു കാണുകയും ചെയ്യുമ്പോൾ ആ ദൈവമഹത്വത്തിനു മുമ്പിൽ നീതിജ്ഞർ ഭയപ്പെട്ടു പിന്മാറുന്നതും ''കർത്താവേ, എന്നിൽനിന്ന് അകന്നുപോകണമേ'' എന്നു പ്രാർഥിക്കുന്നതും ബൈബിളിലെ ഒരു കാഴ്ചയാണല്ലോ. ശതാധിപൻ യേശുവിനോടു പറഞ്ഞില്ലേ:: ''കർത്താവേ, നീ എന്റെ വീട്ടിൽ പ്രവേശിക്കാൻ ഞാൻ യോഗ്യനല്ല'' എന്ന് (ലൂക്കാ 7,6). ''കർത്താവേ, എന്നിൽനിന്ന് അകന്നുപോകണമേ; ഞാൻ പാപിയാണ്'' എന്നുള്ള പത്രോസിന്റെ അപേക്ഷ ഉദ്ധരിച്ച് വിശുദ്ധ ബർണാദ് എഴുതുന്നു: ''ഇതേ മനോഭാവമത്രേ യൗസേഫിനു മറിയമിന്റെ നേർക്കുണ്ടായിരുന്നത്. ... ദൈവികശക്തിയുടെ അപാരതയ്ക്കു മുമ്പിൽ പത്രോസ് വിറപൂണ്ടു. ദൈവികസാന്നിധ്യത്തിന്റെ ഗംഭീരതയ്ക്കു മുമ്പിൽ അദ്ഭുതസ്തബ്ധനായി...''[1] ഇത്തരം പിന്മാറ്റം യഥാർഥത്തിൽ പിന്മാറാനല്ല. വർദ്ധിത ശക്തിയോടെ ദിവ്യമായ ഉറപ്പു ലഭിച്ച് ദിവ്യരഹസ്യം അംഗീകരിച്ച് അനുസരണയോടെ പ്രവർത്തിക്കാനാണ്. കൂടുതൽ ഭയത്തോടും ഭക്തിയോടും ആ ദിവ്യരഹസ്യം സ്വീകരിക്കാൻ. ആവിഷ്കൃതമായിട്ടുള്ള ദൈവേച്ഛ ഉറപ്പായി തിരിച്ചറിഞ്ഞംഗീകരിച്ച് നീതിയുടെ പൂർണതയിലെത്തുക. അതാണ് ജോസഫിന്റെ കാര്യത്തിലും സംഭവിച്ചത്.

ജോസഫ് ഉറക്കത്തിൽനിന്നുണർന്ന് കർത്താവിന്റെ മാലാഖ കല്പിച്ചതുപോലെ പ്രവർത്തിച്ചു. ജോസഫ് ''തന്റെ ഭാര്യയെ കൂടെ സ്വീകരിച്ചു. പുത്രനെ പ്രസവിക്കുംവരെ അവൻ അവളെ അറിഞ്ഞില്ല. അവന് യേശു എന്ന് അവൻ പേരിട്ടു'' (മത്താ 1,24-25). 'അറിയുക' (*ഗിനെസ്കോ*) എന്ന ക്രിയ ലൈംഗിക ബന്ധം പുലർത്തുക എന്ന അർഥത്തിൽ മാത്രമാണ് ഈ രംഗത്ത് സാധാരണ വ്യഖ്യാനിക്കാറുള്ളത്. ആ അർഥം മാത്രമല്ല 'അറിയുക' (*ഗിനെസ്കോ*) എന്ന

[1]കാണുക: വെള്ളിയാൻ, *മാതൃമഹിമ*, കോട്ടയം, 1980, 41

ക്രിയയ്ക്കുള്ളത്. ഈ ക്രിയാപദം ഇരുപതു തവണ മത്തായി പ്രയോഗിച്ചിട്ടുണ്ട്. മിക്കതും 'മനസ്സിലാക്കുക' / 'ഗ്രഹിക്കുക' എന്ന അർഥത്തിൽ. പുത്രനെ പ്രസവിക്കുന്നതുവരെ മറിയമിനെക്കുറിച്ചുള്ള ജോസഫിന്റെ അറിവ് അപൂർണമായിരുന്നു. പുത്രനെക്കുറിച്ചുള്ള അറിവ് അവളെ അറിയാൻ സഹായകമായി. ജോസഫ് നീതിമാനായിരുന്നു. ദൈവഹിതം നിർവഹിക്കുന്നവനായിരുന്നു. ജോസഫിന്റെ നീതി നിമിത്തം യേശു ദാവീദിന്റെ പുത്രനായും ദൈവപുത്രനായ മിശിഹായായും ദാവീദുഗോത്രത്തിൽ പിറന്നു. പരിശുദ്ധാത്മാവിനാലാണ് മറിയം ഗർഭിണിയായത്. അവൾക്കു വയറ്റിലുണ്ടായത് ജീവിക്കുന്ന ദൈവത്തിന്റെ പുത്രനാണ്. ദാവീദുഗോത്രജനായ പുരുഷന്റെ സ്പർശനമേല്ക്കാതെ മറിയം യേശുവിനെ ദാവീദുവംശത്തിനു നല്കി. അവൾ ദാവീദിന്റെ പുത്രനായി പിറന്ന ദൈവപുത്രന്റെ അമ്മയാകുന്നു.

### 1.3 രക്ഷകന്റെ അമ്മ

> അവൾ ഒരു പുത്രനെ പ്രസവിക്കും
> അവനു നീ യേശു എന്നു പേരിടണം.
> കാരണം, അവൻ സ്വജനത്തെ[1]
> അവരുടെ പാപങ്ങളിൽനിന്നു രക്ഷിക്കും (മത്താ 1,21).

ജോസഫിനോടു കർത്താവിന്റെ മാലാഖയുടെ കല്പനകൾ നീണ്ടു. പ്രധാന ലക്ഷ്യം യേശുവിന്റെ ദാവീദുപുത്രസ്ഥാനം ഉറപ്പിക്കുക. അവന്റെ രക്ഷകസ്ഥാനവും അവതരിപ്പിക്കുന്നു. യേശു ഇസ്രായേലിന്റെ രാജാവ് എന്ന നിലയ്ക്ക് സ്വയം രക്ഷിക്കാതെ അവരെ രക്ഷിച്ചു (മത്താ 27,42). ഈ വസ്തുത ക്രിസ്തുദർശനത്തിന്റെ അടിസ്ഥാനം ധാരണയാണ്. യേശുവിന്റെ കുരിശുമരണം അദ്ദേഹത്തിന്റെ രക്ഷകധർമനിർവഹണത്തിന്റെ പരമനിർദ്ധാരണ മത്രേ. യേശു എന്ന പേരുതന്നെ സുവിശേഷകൻ യഹൂദവ്യാഖ്യാന രീതിയിൽ അപഗ്രഥിച്ചിട്ടുണ്ട്. രക്ഷകനെ ഗർഭം ധരിച്ചു പ്രസവിച്ചു വളർത്തിയവളാണ് മറിയം. അവൾ രക്ഷകനായ യേശുവിന്റെ പെറ്റമ്മയും പോറ്റമ്മയുമാണ്.

മത്തായി യേശുവിന്റെ വംശാവലിയിൽ മറിയമിനെ കൂടാതെ നാല് സ്ത്രീകളെക്കുറിച്ച് പറയുന്നുണ്ട്: താമാർ, റാഹാബ്, റൂത്ത്, ഊറിയായുടെ ഭാര്യ (ദാവീദിൽനിന്നു ഗർഭം ധരിച്ച് സോളമനെ പ്രസവിച്ച ബേത്ഷെബാ). പലർക്കും 'ഇടർച്ച'യ്ക്കിടയാക്കുന്ന ഇടപാട്. ഇവരെ ചേർത്തതെന്തിന്? വ്യാഖ്യാനങ്ങൾ വിഭിന്നങ്ങളായ

[1]സ്വജനം യഹൂദരെ മാത്രമല്ല ഉദ്ദേശിക്കുക. മത്തായിയുടെ വീക്ഷണത്തിൽ യഥാർഥ ഇസ്രായേൽജനം യേശുവിനെ ദൈവപുത്രനായ മിശിഹായായി സ്വീകരിക്കുന്ന സകലരും ഉൾപ്പെടുന്നതാണ്.

ഉത്തരങ്ങൾ നല്കുന്നു. പൊതുവെ സ്വീകാര്യമമായത് ഇതാണ്: നാലു സ്ത്രീകളുടെയും ധാർമിക നിലവാരം സുവിശേഷകനു വിഷയമല്ല. ഇവരെ അധർമിണികളും അപഥസഞ്ചാരിണികളുമെന്ന് സുവിശേഷകന്റെ സമകാലീന യഹൂദസമൂദായം അവമതിച്ചിരുന്നില്ല. ചിലരെ വീരാംഗനകളായി ചിത്രീകരിച്ചിട്ടുണ്ട്.[1] എല്ലാവരെയും പാപിനികളായി പഴയ നിയമവും പരിഗണിക്കുന്നില്ല. റൂത്ത് പാപം ചെയ്തെന്നു പറയുന്നില്ല. അവരുടെ ജീവിതത്തിൽ പങ്കാളിയുമായുള്ള ബന്ധത്തിൽ അസാധാരണവും അപക്രമവുമായ ചിലതു സംഭവിച്ചു. അതു ദൈവജനത്തിനു രക്ഷാകരമായി ഭവിച്ചു. നാലു സ്ത്രീകളും ഇസ്രായേലിന്റെ രക്ഷാചരിത്രത്തിൽ സുപ്രധാന പങ്കു വഹിച്ചു. ചിലതിൽ അവരാണ് കരുനീക്കം ആരംഭിച്ചത്. ദൈവപരിപാലനയിലാണ് സകലതും സംഭവിച്ചത്. അവർ പരിശുദ്ധാത്മാവിന്റെ ഉപാധിയായി വർത്തിക്കുകയായിരുന്നു എന്ന ധാരണപോലും നിലവിലിരുന്നു.[2] രക്ഷകനായ യേശുവിന്റെ മനുഷ്യനായിത്തീരലിൽ മറിയമിന്റെ പങ്ക് നിർണായകമത്രേ. രക്ഷാകരപദ്ധതിയിലും ചരിത്രത്തിലും ദൈവം അവൾക്ക് സുപ്രധാന സ്ഥാനം നല്കി. മനുഷ്യർക്ക് അപക്രമവും അനന്യവും അസാധാരണവുമായ രീതിവിധികളിൽ ദൈവം മറിയമിലൂടെ പ്രവർത്തിച്ച് രക്ഷകമാതൃത്വം അവൾക്കു നല്കി. അവൾ രക്ഷകന്റെ അമ്മയാണ്.

### 1.4 കന്യകാമാതാവ്

*ഇതെല്ലാം സംഭവിച്ചത്*
*കർത്താവിന്റെ പ്രവാചകൻവഴി പറയപ്പെട്ടത്*
*പൂർത്തിയാകാനാണ്:*

[1]താമാർ കാനാന്യ മതത്തിൽനിന്ന് യഹൂദമതത്തിലേക്കു പരിവർത്തനം ചെയ്ത പുണ്യവതിയായിരുന്നു. ഉത്പ 38,20ൽത്തന്നെ താമാറിന്റെ പുണ്യത്തിന്റെ അടിസ്ഥാനം അംഗീകരിച്ചിട്ടുണ്ടല്ലോ. അവളുടെ അവസരോചിതമായ പെരുമാറ്റംമൂലമാണ് യൂദായുടെ വംശപരമ്പര നിലനിന്നത്. അവൾ യൂദായുടെ വംശാവലിയെക്കുറിച്ചുള്ള മെസിയാനിക വാഗ്ദാനത്തിൽ വിശ്വസിച്ചു. അത് മുറിയാതിരിക്കാൻ തന്റെ പങ്കു നിറവേറ്റി. റാഹാബും മതപരിവർത്തനംവഴി യഹൂദസ്ത്രീയായവളാണ്. ജെറിഖോയിൽ ഇസ്രായേലിന്റെ വിജയത്തിന് വഴിയൊരുക്കിയ വീരാംഗന. ഉദാത്ത വിശ്വാസത്തിന്റെ സുന്ദര മോഡലായി ആദ്യകാല ക്രൈസ്തവ ഗ്രന്ഥകാരന്മാരും അവളെ ചിത്രീകരിക്കുന്നുണ്ടല്ലോ (ഹെബ്രാ 11,31; 1 ക്ലെമെന്റ് 12,1)

[2]റാഹാബിന്റെ ബുദ്ധിപൂർവമായ പ്രവൃത്തി വാഗ്ദാനനാട്ടിലെത്താൻ ഇസ്രായേലിനു സഹായകമായി. റൂത്ത്-ബോവാസ് സംഗമം ദാവീദിന്റെ വംശപരമ്പര അഭംഗുരം സൂക്ഷിച്ചു. ദാവീദ്-ബേത്ഷേബ സഹവാസം ദാവീദിന്റെ സിംഹാസനാവകാശിയായി ദാവീദിന്റെ സന്തതിയെ സമ്മാനിച്ചു. വേദപുസ്തകകാലഘട്ടത്തിനു ശേഷമുള്ള യഹൂദപാരമ്പര്യങ്ങളിൽ ചിലത് പഠിപ്പിക്കുന്നുമുണ്ട്. ചില വിവരങ്ങൾക്ക്, R.E.Brown, *The Birth of the Messiah*, 73.

''ഇതാ! കന്യക ഗർഭിണിയായി ഒരു പുത്രനെ പ്രസവിക്കും
അവന് അമ്മാനുയേൽ എന്നു പേരിടും;
അർഥം ദൈവം നമ്മോടുകൂടെ'' (മത്താ 1,22-23)

മറിയം കന്യകയായിരിക്കേ ഗർഭിണിയായി. സൂചന സുവിശേഷകൻ മുമ്പേ നല്കിയിട്ടുണ്ട്. വിവാഹവാഗ്ദാനം കഴിഞ്ഞ യഹൂദയുവതി പ്രതിശുതവരനുമായി സംഗമിക്കാതെ ഗർഭിണിയാകുക അപവാദമാണ്. മറിയമിനു സംഭവിച്ചത് പരിശുദ്ധാത്മാവിനാലാണെന്ന അറിവ് അവളുടെ കന്യകാമാതൃത്വത്തിനു സൂചനയാണ്. അവളുടെ അസാധാരണവും അപക്രമവുമായ ഗർഭധാരണത്തിന്റെ വിശദീകരണം നല്കുന്നു. വിശുദ്ധ ഗ്രന്ഥത്തിന്റെ സഹായത്തോടെ മറിയമിന്റെ രഹസ്യം വചനാധിഷ്ഠിതമായി വ്യാഖ്യാനിക്കുന്നു. കന്യകയായിരിക്കേ ഗർഭിണിയായി പ്രസവിക്കുക സാധാരണ ഗതിയിൽ അസംഭാവ്യമത്രേ. എന്നാൽ, ദൈവിക പദ്ധതിയിൽ സംഭവ്യമെന്നു സുവ്യക്തമാക്കുന്നു സുവിശേഷകൻ. യഹൂദർക്കു പ്രവചനങ്ങൾ പരിചിതങ്ങളാണ്. സ്വീകാര്യവും. മിശിഹായെ സൂചിപ്പിക്കുന്നതു വിശേഷിച്ചും. യേശുമിശിഹായുടെ പ്രജനനം പുരുഷബന്ധം കൂടാതെയായതിൽ അതിശയിക്കാനൊന്നുമില്ല. അവിശ്വസിക്കുകയും വേണ്ടാ. ഇങ്ങനെയൊരു പുത്രൻ ദാവീദുഗോത്രത്തിൽ ഭൂജാതനാകുമെന്ന് പ്രവാചകൻ പണ്ടേ പറഞ്ഞിട്ടുള്ളതാണ്. അതിന്റെ പൂർത്തീകരണമാണു സംഭവിച്ചിട്ടുള്ളത്. മറിയം കന്യകയായിരിക്കേ ഗർഭിണിയാകുകയും മകനെ പ്രസവിക്കുകയും ദൈവിക നീതിയുടെ നിറവേറലാണ്. വ്യക്തതയ്ക്കും സാധുതയ്ക്കും ഏശയ്യായുടെ പ്രവചനവാക്കുകളുണ്ട് (ഏശ 7,14). പഴയ നിയമത്തിന്റെ സപ്തതി വിവർത്തനമാസ്പദമാക്കി മത്തായി പ്രസക്ത ഭാഗം ഉദ്ധരിക്കുകയും ചെയ്യുന്നു (മത്താ 1,23).

731 ബി.സി.യിൽ ഏശയ്യാ പ്രവാചകൻ യൂദയാരാജാവ് ആഹാസിനോടു പറഞ്ഞ വാക്കുകൾ. ആഹാസ് അവിശ്വാസിയായിരുന്നു. സീറൊ-എഫ്രയിം യുദ്ധകാലം (734 ബി.സി). സിറിയായുടെ റെസിനും ഇസ്രായേലിന്റെ പേക്കായും ഒത്തുചേർന്ന് ജറുസലേമിനെ (യൂദയായെ) ആക്രമിക്കാനൊരുങ്ങി. ആഹാസ് ആകെ അമ്പരന്നു. ഏശയ്യ ധൈര്യപ്പെടുത്തി. ഒട്ടും ഭയപ്പെടേണ്ട. ഒന്നും സംഭവിക്കില്ല. സിറിയായും ഇസ്രായേലും ആക്രമിക്കാനിറങ്ങില്ല. അവതന്നെ തകർന്നു തരിപ്പണമാകാൻ പോകുകയാണ്. ''പക്ഷേ, നീ വിശ്വസിക്കുന്നില്ലെങ്കിൽ നീ ഉറപ്പിക്കപ്പെടുകയില്ലെന്ന് ഉറപ്പാണ്''(ഏശ 7,9). കർത്താവു തന്നെ ആഹ്വാസിന് ഒരടയാളം കൊടുക്കും. ഒരു ശിശു ജനിക്കും. പ്രവചിച്ചത് മിശിഹായെക്കുറിച്ചു ധാരണകളും പ്രതീക്ഷകളും പച്ചപിടിച്ചിട്ടില്ലാതിരുന്ന കാലത്താണ്. അതിനാൽ പ്രവചനം മിശിഹായെക്കുറിച്ചാണെന്ന ധാരണ പ്രവചനകാലത്ത് ഉണ്ടായിരി

ക്കില്ല. യൂദയായെ ശത്രുക്കളിൽനിന്ന് സ്വതന്ത്രമാക്കുന്ന ഒരു ദാവീദുവംശജൻ ജനിക്കുമെന്നാവാം. ഒരു പക്ഷേ ആഹാസിന്റെതന്നെ ഒരു പുത്രനാകാം. ആഹാസിന്റെ പുത്രൻ ഹെസെക്കിയ ദാവീദുവംശപരമ്പരയിൽ യഥാർഥ മതഭക്തനായ ഒരു രാജാവായിരുന്നല്ലോ.

പ്രവചനഭാഗം ഉദ്ധരിക്കുന്നതിൽ മത്തായി പ്രകടമാക്കിയിട്ടുള്ള പ്രത്യേകത പരിഗണനീയമാണ്. കന്യക ഗർഭിണിയായി ഒരു പുത്രനെ പ്രസവിക്കും എന്നാണല്ലോ സുവിശേഷത്തിന്റെ ആംഗലേയ, മലയാള വിവർത്തനങ്ങളിലെല്ലാം. സുവിശേഷകൻ പ്രയോഗിച്ചിട്ടുള്ള ഗ്രീക്കു വാക്കായ *പാർത്തെനൊസ്*ന്റെ പരിഭാഷയാണ് 'കന്യക.' 'കുമാരി 'എന്നുമാകാം. ഹീബ്രുവിലെ *അൽമാ* ആണ് ഗ്രീക്കിൽ *പാർത്തെനൊസ്* എന്നാക്കിയിട്ടുള്ളത്. ഹീബ്രുപദത്തിനർഥം 'യുവതി,' 'സ്ത്രീ' എന്നൊക്കെ. വയസറിയിച്ച് വിവാഹപ്രായമായ പെൺകുട്ടി എന്നു സാമാന്യ വിവക്ഷ. 'കന്യക'യെന്നു തീർച്ചയില്ല (ഉ.ഗീ. 6,8; സുഭാ 30,19). എന്നാലും യഹൂദ വിചാരരീതിക്കൊത്തു ചിന്തിക്കുമ്പോൾ സാധാരണ ഗതിയിൽ കന്യകയാവണം. ഈ പദം വിവാഹിതയ്ക്ക് ഉപയോഗിക്കുന്നതിൽ പഴയനിയമ ഗ്രന്ഥകാരന്മാർ വിമുഖരാണ്. സുവിശേഷകനായ മത്തായി ഗ്രീക്കിലെ *പാർത്തെനൊസ്* തന്നെ സ്വീകരിച്ചു. മറിയമിന്റെ കന്യകാത്വം അദ്ദേഹത്തിന് അതീവ താത്പര്യമുള്ള വിഷയമാണെന്നു തീർച്ച. ദാവീദുവംശജനായി യേശുമിശിഹാ ജനിക്കാൻ ദൈവം അസാധാരണവും അപക്രമവുമായി പ്രവർത്തിച്ചു. അതിലെ പ്രധാന പ്രവൃത്തിയാണ് മറിയം കന്യകയായിരിക്കെ ഗർഭം ധരിക്കുകയും പ്രസവിക്കുകയും ചെയ്തു എന്ന വസ്തുത. ദൈവിക പദ്ധതിയിൽ ദൈവേച്ഛയുടെ നിറവേറലാണ്. പ്രവചനത്തിന്റെ പൂർത്തീകരണം. അതംഗീകരിക്കുക നീതിമാന്റെ മഹത്വവും. മത്തായിയുടെ ദർശനത്തിലെ ദൈവത്തിന്റെ നീതിശാസ്ത്രത്തോടുള്ള നീതി. സുവിശേഷസന്ദേശത്തോടുള്ള വിശ്വസ്തതയുടെ സുപ്രധാനാംശമാണ് മറിയമിനെ കന്യകമാതാവായി അംഗീകരിക്കുകയെന്നത്.

നീതിമാനായ ജോസഫിന്റെ നീതിബോധത്തിന്റെ മറ്റൊരു പൊൻതൂവലാണ് ''പുത്രനെ പ്രസവിക്കുംവരെ അവൻ അവളെ അറിഞ്ഞില്ല'' (മത്താ 1,25) എന്ന സംഗതി. മറിയമിന്റെ കന്യകാമാതൃത്വത്തിന്റെയും കന്യകാത്വത്തുടർച്ചയുടെയും സുവിശേഷപ്രസംഗവും. ശിശുവിന് യേശു എന്നു പേരിട്ടതും ജോസഫിന്റെ നീതിനിർവഹണത്തിന്റെ ഭാഗമാണ്.

''പുത്രനെ പ്രസവിക്കുംവരെ അവൻ അവളെ അറിഞ്ഞില്ല'' (മത്താ 1,25). 'അറിയുക' എന്ന ക്രിയ ലൈംഗികബന്ധം അർഥമാ

ക്കിയാലും മറിയമിന്റെ കന്യകാത്വത്തുടർച്ചയെ ബാധിക്കില്ല (മത്താ 1,25). "... ഉംവരെ" എന്ന പ്രയോഗരൂപം ഒരു സെമിറ്റിക് ശൈലിയാണ്. പിന്നീടു മറിച്ചു സംഭവിച്ചു എന്നർഥമില്ല. സംഭവിച്ചതേയില്ല എന്ന് തറപ്പിച്ചു പറയുന്ന ശൈലിയാണത്. നിരവധി ഉദാഹരണങ്ങൾ ബൈബിളിലുണ്ട്. ഒന്നുമാത്രം ഇവിടെ നല്കട്ടെ. ദാവീദ് ഉടമ്പടിപ്പേടകത്തിനു മുമ്പിൽ എല്ലാം മറന്ന് ഉടുതുണിയില്ലാതെ നൃത്തമാടിയതിന് ഭാര്യ മിഖോൾ അദ്ദേഹത്തെ പരിഹസിച്ചു. അതിന് അവൾ ശിക്ഷയനുഭവിച്ചു. ആജീവനാന്തം അപത്യദുഃഖഭാരം. ഇക്കാര്യം പറയുന്ന വേദഭാഗം (2 സാമു 6,23) സത്യവേദപുസ്തകം ഭാഷാന്തരപ്പെടുത്തുന്നതിങ്ങനെ: *മരിക്കുംവരെ മിഖോളിനു മക്കളുണ്ടായില്ല.* ഇതിൽനിന്ന്, മരണത്തിനുശേഷം മിഖോളിനു മക്കളുണ്ടായി എന്നു വ്യാഖ്യാനിക്കാനാവില്ലല്ലോ. ഇത്തരമൊരു പ്രസ്താവനായണ് "പുത്രനെ പ്രസവിക്കുംവരെ അവൻ അവളെ അറിഞ്ഞില്ല" എന്നത്. പുത്രനെ പ്രസവിച്ചശേഷം അവൻ അവളോടു ലൈംഗികബന്ധം പുലർത്തി എന്ന വ്യാഖ്യാനത്തിലേക്ക് എടുത്തുചാടുന്നത് സുവിശേഷദർശനത്തിന് അന്യമാണ്; പാഠം വായിക്കുന്നതിനു പകരം പാഠത്തിലേക്കിട്ടു വായിക്കുകയാകും. ഗർഭധാരണത്തിനുമുമ്പ് ജോസഫ് മറിയമിനെ അറിഞ്ഞില്ല അവർ തമ്മിൽ ലൈംഗികമായി ബന്ധപ്പെട്ടില്ല. ഗർഭധാരണത്തിനു ശേഷവും അറിഞ്ഞില്ല; പ്രസവത്തിനു ശേഷവും അറിഞ്ഞില്ല എന്നാണ് ശൈലിക്കന്തർഗതമെന്ന് മനത്തുറവുണ്ടെങ്കിൽ ന്യായമായും ശരിയായും ഗ്രഹിക്കാം.

മത്താ 1,25നു ശേഷം ഒരി ക്കലും മറിയമിനെ (ജോസഫിന്റെ) ഭാര്യ എന്ന അഭിധാനത്തിൽ സുവിശേഷകൻ അവതരിപ്പിക്കുന്നില്ല; ശിശുവിന്റെ (യേശുവിന്റെ) അമ്മ എന്ന നിലയിൽ മാത്രം (മത്താ 2,11.13.14.20.21;13,55). ഇത് സുവിശേഷകന്റെ ബോധപൂർവമായ സമീപനമല്ലെന്നുണ്ടോ? മറിയം ദൈവരഹസ്യവാഹിയാണെന്ന രഹസ്യം ഉൾക്കൊണ്ടുതന്നെ ദൈവികനിയമനത്താൽ നിയമപരമായി അവളുടെ ഭർത്താവും പൈതലിന്റെ പിതാവുമായി അവരെ സംരക്ഷിച്ചത് നീതിമാനായ ജോസഫിന്റെ നീതിപൂർണതയാണ്. അതിനാൽ അദ്ദേഹം മറിയം കന്യകാമാതാവായിരിക്കാനുള്ള ദൈവേച്ഛ നിവർത്തിച്ചു. മറിയം കന്യമാതാവാണെന്ന ദിവ്യരഹസ്യത്തിന്റെ സുവിശേഷകനാണ് വിശുദ്ധ മത്തായി.

### 1.5 മറിയം ഇസ്രായേലിന്റെ മാതാവ് (?)

നീതിമാനായ ജോസഫിന്റെ നിതിനിർവഹണഭാരം മറിയമിന്റെ പ്രസവശേഷം ഏറിയതേയുള്ളൂ. മറിയം എല്ലാറ്റിലും ജോസഫിനോട സമ്പൂർണമായി സഹകരിച്ചു. വാനവിജ്ഞാനികൾ കബളിപ്പിച്ചതിൽ കോപാകുലനായ ഹേറോദേസിന്റെ ഭീകരാജ്ഞയുയർ

ത്തിയ രക്തദാഹിയായ വാൾമുനയിൽനിന്ന് കുഞ്ഞിനെയും ജനനിയെയും രക്ഷിക്കാൻ കർത്താവിന്റെ മാലാഖയുടെ കല്പന അതേപടി ജോസഫ് അനുസരിച്ചു. രാത്രിയിൽത്തന്നെ അവരെയുംകൊണ്ടു നാടുവിട്ടു. ഈജിപ്തിലേക്ക് ഓടിപ്പോയി. ഹേറോദേസിന്റെ അന്ത്യം വരെ അവിടെ വസിച്ചു. ഹേറോദേസിന്റെ മരണശേഷം കർത്താവിന്റെ മാലാഖയുടെ കല്പനപ്രകാരം ഇസ്രായേൽനാട്ടിൽ തിരിച്ചു വന്നു. എന്നാൽ, ഹേറോദേസിന്റെ പിൻഗാമി അർക്കെലെയൂസ് ആണെന്നറിഞ്ഞപ്പോൾ അവിടെ തങ്ങുന്നത് സുരക്ഷിതമല്ലെന്നു ബോധ്യമായി. സ്വപ്നത്തിൽ ദൈവിക വെളിപാട് ലഭിച്ചതനുസരിച്ച് യൂദയായിൽനിന്ന് ഗലീലിയിലേക്ക് സകുടുംബം മാറി. ഈ സംഭവം സുവിശേഷകൻ വ്യാഖ്യാനിക്കുന്നു: ‘‘അവൻ (യേശു) നസറായൻ എന്നു വിളിക്കപ്പെടും’’ എന്ന പ്രവചനം നിറവേറി.

കർത്തൃദൂതന്റെ കല്പനപ്രകാരമാണ് ജോസഫ് ശിശുവിനെയും അമ്മയെയും കൂട്ടി ഈജിപ്തിലേക്ക് ഓടിപ്പോയതും അവിടെനിന്നു മടങ്ങിവന്നതും. അവയ്ക്കും സുവിശേഷകൻ വചനാധിഷ്ഠിത വ്യാഖ്യാനം നല്കിയിട്ടുണ്ട്. ഈജിപ്തിൽനിന്നു ഞാൻ എന്റെ പുത്രനെ വിളിച്ചു എന്ന് കർത്താവ് പ്രവാചകൻവഴി പറഞ്ഞത് പൂർത്തിയാകുക (മത്താ 2,25). ഹോസി 11,1ന്റെ രണ്ടാം പകുതിയാണ് സുവിശേഷകൻ ഉദ്ധരിക്കുക. ഇസ്രായേലിനെ ഈജിപ്തിൽനിന്ന് വിമോചിപ്പിക്കുന്നതിനെക്കുറിച്ചുള്ളത്. ഈജിപ്തിൽനിന്ന് ഇസ്രയേൽവംശത്തെ ആനയിച്ചത് രക്ഷിക്കാനായിരുന്നല്ലോ. അതുപോലെ യേശുവിനെയും അമ്മയെയും ഈജിപ്തിൽനിന്ന് വിമോചിപ്പിച്ചുകൊണ്ടുവന്നതും രക്ഷിക്കാനാണ്.

ഇസ്രായേൽ കർത്താവിന്റെ പുത്രനാണ് (പുറ 4,22; ഹോസി 11,1). ഇസ്രായേലിനെ ഈജിപ്തിൽനിന്നു വിമോചിപ്പിച്ചതിൽ യേശു ശിശുവായിരിക്കേ അമ്മയോടൊത്ത് ഇസ്രായേലിലേക്ക് ആനയിക്കപ്പെട്ടതിന്റെ മുൻകുറി സുവിശേഷകൻ ദർശിക്കുന്നു. പൂർവപിതാവായ ജോസഫിന്റെ കുടുംബത്തെ ഈജിപ്തിലേക്കും അവിടെനിന്ന് ഇസ്രായേലിലേക്കും ആനയിക്കുന്നതിൽ പ്രവർത്തിച്ച ദൈവിക പദ്ധതി യേശുവിന്റെ അപ്പനായ ജോസഫിനെയും കുടുംബത്തെയും ഈജിപ്തിലേക്കും ഇസ്രായേലിലേക്കും ആനയിക്കുന്നതിൽ പ്രവർത്തിക്കുന്നു. ആദ്യത്തേത് രണ്ടാമത്തേതിന്റെ മുൻകുറിയായി വർത്തിക്കുന്നു.ആദ്യത്തേതിന്റെ പൂർത്തീകരണവുമാണ് രണ്ടാമത്തേത്. ജോസഫ് കുടുംബത്തെ ഈജിപ്തിലേക്കു മാറ്റാനും അവിടെനിന്നു മടക്കിക്കൊണ്ടുവരാനും ദൈവികപദ്ധതി പ്രവർത്തനനിരതമായത് ഇസ്രായേലിന്റെ മിശിഹായായ യേശുവിനെയും അമ്മയെയും ഈജിപ്തിലും അവിടെനിന്ന് ഇസ്രായേലിന്റെ നാട്ടിലേക്കും ആനയിക്കാനാണ്. യേശുവിന്റെ യാത്രകളാണ്

സുവിശേഷകൻ ഉന്നംവയ്ക്കുന്ന മുഖ്യകാര്യം (മത്താ 4,12-14 കാണുക). ഇസ്രായേലിന്റെ ദൈവപുത്രത്വഭിധാനം യേശുവിൽ നിറവേറിയിരിക്കുന്നു. ''എന്റെ പുത്രൻ'' - ദൈവമായ കർത്താവിന്റെ പുത്രൻ (മത്താ 1,15;3,12) യേശുമിശിഹാ - കർത്താവിന്റെ ജനവും (മത്താ 1,21; 2,6) പുത്രനുമായ (മത്താ 1,15) ഇസ്രായേലിന്റെ ഭൂതകാലാനുഭവത്തിൽ യഥാർഥമായി പങ്കെടുക്കുന്നു, അമ്മയോടൊത്ത്.

യേശുവിന്റെ ഈജിപ്തിലേക്കുള്ള യാത്രയെ സുവിശേഷകൻ റാഹേലിന്റെ വിലാപത്തോടും ബന്ധിപ്പിച്ചിട്ടുണ്ട്. ബാബിലോണിലേക്കു നാടുകടത്തിയവരെ ഓർമിച്ചാണ് റാഹേൽ വിലപിക്കുക. ഈജിപ്തിൽനിന്ന് യേശുവിന്റെ തിരിച്ചവരവ് ഈജിപ്തിൽനിന്നും ബാബിലോണിൽനിന്നും ഇസ്രായേലിന്റെ മടക്കം പൂർത്തിയാക്കുന്നു. യേശു ഇസ്രായേലിന്റെ പൂർത്തീകരണവും പൂർണതയുമാണ്. ഇസ്രായേലിന്റെ വേദനയുടെയും സ്വാതന്ത്ര്യത്തിന്റെയും ജീവിതാനുഭവങ്ങൾ അമ്മയോടൊത്തു സ്വന്തമാക്കിയവനും പൂർത്തീകരിച്ചവനുമാണ്. യേശുവിന്റെ 'പോക്കു-വരവുകളിൽ' അവന്റെ അമ്മ കൂടെയുണ്ട് (മത്താ 1,13-14.22.21). യേശുവിന്റെ അമ്മ യഥാർഥ ഇസ്രായേലിന്റെ അമ്മയാകുന്നുവെന്ന സൂചന അന്തർഭവിച്ചിട്ടുള്ളതായി കരുതാം. ഈ വായനയെ ജെറമിയാപ്രവചനത്തിൽനിന്നുള്ള ഉദ്ധരണിയും ഉത്തേജിപ്പിക്കുന്നു:

*റാമായിൽ ഒരു സ്വരം കേട്ടു*
*കരച്ചിലും വലിയ പ്രലപനവും;*
*റാഹേൽ സ്വസന്താനങ്ങളെപ്രതി കരയുന്നു.*
*ആശ്വസിപ്പിക്കാൻ അവൾ ഇഷ്ടപ്പെട്ടിരുന്നില്ല,*
*കാരണം, അവരിനിയില്ലല്ലോ* (മത്താ 2,18).

''യൂദയാരാജാവായി ജനിച്ച'' യേശുവിനെ വ്യക്തമായറിഞ്ഞ് വകവരുത്താൻ ഹേറോദേസ് പദ്ധതിയിട്ടു. ദൈവത്തിന്റെ പദ്ധതി ഹേറോദേസിന്റേത് തകർത്തുകളഞ്ഞു (മത്താ 2,12). വാനവിജ്ഞന്മാരെ വേറെ വഴി പറഞ്ഞുവിട്ടു. അവർ തന്നെ കബളിപ്പിച്ചെന്ന് ഹേറോദേസ് സങ്കല്പിച്ചു. അയാൾ വാശി ദീർത്തു. യേശുവിന്റെ ജനനക്കാലത്തോടടടുത്ത് രണ്ടു വർഷത്തിനുള്ളിൽ യൂദയായിൽ ജനിച്ച ആൺപൈതങ്ങളെയാകെ അരിഞ്ഞൊതുക്കാൻ ആജ്ഞാപിച്ചു. ഹേറദേസിന്റെ പടയാളികൾ പൈതങ്ങളെ കൊന്നോ എന്ന് സുവിശേഷകൻ പറയുന്നില്ല. എന്നാൽ രാജാവിന്റെ ഉഗ്രകല്പന ജെറെമിയാപ്രവാചകൻ (സപ്തതിവിവർത്തനം) വർണിക്കുന്ന റാമായിലെ വിലാപത്തിന്റെ നിറവേറൽ സൃഷ്ടിച്ചു എന്നു വ്യക്തമാക്കാന്നുണ്ട് (മത്താ 2,17-18). പ്രവാചകൻ കോറിയിട്ടിട്ടുള്ളത് റാമായിൽ റാഹേൽ അലമുറയിടുന്ന ചിത്രമാണ്. 600 ബി.സി.യിൽ

യെഹൊയിആക്കിം യൂദയായുടെ രാജാവായിരുന്നപ്പോൾ നാടുകടത്തപ്പെട്ട എഫ്രയിംകാരെ ഓർമിച്ചുള്ള ദേശീയവിലാപത്തിന്റെ വാങ്മയചിത്രം. നാടിന്റെയും നാട്ടാരുടെയും ബിംബവത്കൃത വ്യക്തിത്വമാണ് റാഹേൽ. ദൈവജനത്തിന്റെ പ്രതീകമെന്ന നിലയ്ക്ക് പ്രതീകാത്മകമായി കർത്താവിന്റെ കാന്തയും.[1] സന്ദർഭത്തിൽ റാമായെയും റാഹേലിനെയും താദാത്മ്യപ്പെടുത്തിയിരിക്കുന്നു. റാമാ റാഹേലിന്റെ ശവകുടീരമായി പ്രവാചകൻ സങ്കല്പിക്കുന്നു. യൂദജനത്തിന് ഇസ്രായേൽ എന്ന നാമത്തിനു നിമിത്തമായ പൂർവ പിതാവ് യാക്കോബിന്റെ പ്രേഷ്ഠഭാര്യയാണ് റാഹോൽ. ബഞ്ചമിൻ, എഫ്രേം, മനസ്സെഗോത്രങ്ങളുടെ പൂർവമാതാവ്. ഇസ്രാ യേൽഭവനത്തിന്റെ കെട്ടുപണിക്കാരിയായി അവളെയും ലേയായോടൊപ്പം ആദരിച്ചു (രൂത്ത് 4,11). റാമായിലെ റാഹേലിന്റെ വിലാപത്തിൽ ഇസ്രായേലിന്റെ മാതാവിന്റെ കരച്ചിലും വിലാപവും പ്രവാചകൻ കാണുന്നു. ഇസ്രായേലിന്റെ പൂർത്തികരണമായ യേശുവിന്റെ അമ്മയുടെ അവസ്ഥയിൽ മറിയം റാഹോലിനു സമാന്തര രൂപമായി നിലകൊള്ളുന്നു എന്നു പറയാം. അതിനാൽ മറിയമിനെ (പുതിയ) ഇസ്രായേലിന്റെ അമ്മയുടെ പൂർത്തീകരണമായി ദർശിക്കാനുള്ള സാധ്യതയ്ക്കും സുവിശേഷകൻ സൂചന നല്കുന്നു. യേശുവിന്റെ ജനനത്തോടനുബന്ധിച്ചു നടന്നതായി സങ്കല്പിതമായിട്ടുള്ള ശിശുവധത്തിനിരയായവർ യേശുവിന്റെ ശിഷ്യരുടെ പ്രതീകമാണെങ്കിൽ സൂചന സുതാര്യമാണുതാനും.

### 1.6 മറിയമിന്റെ മാതൃമഹിമ

മത്താ 12,46 *അവൻ തുടർന്ന് ജനക്കൂട്ടത്തോടു സംസാരിച്ചു*
*കൊണ്ടിരുന്നപ്പോൾ*
*ഇതാ! അവന്റെ അമ്മയും സഹോദരരും*
*അവനോടു സംസാരിക്കാനാഗ്രഹിച്ച്*
*പുറത്തു നിന്നിരുന്നു.*
12,47 *ഒരുവൻ അവനോടു പറഞ്ഞു:*
*ഇതാ! നിന്റെ അമ്മയും സഹോദരരും നിന്നോടു*
*സംസാരിക്കാനാഗ്രഹിച്ച് പുറത്തു നില്ക്കുന്നു.*[2]
12,48 *എന്നാൽ,* (അതു) *പറഞ്ഞവനോട് അവൻ*
*അരുൾചെയ്തു:*
*ആരാണ് എന്റെ അമ്മ;*
*ആരാണ് എന്റെ സഹോദരന്മാരും?*
12,49 *തന്റെ ശിഷ്യന്മാരുടെ നേരേ കൈനീട്ടി അവൻ*
*അരുൾചെയ്തു:*

[7] *Harper's Dictionary*, 850 [2] ഈ വാക്യം മിക്ക കൈയെഴുത്തുപ്രതികളിലും ഇല്ലാത്തതിനാൽ പില്ക്കാലത്തു കൂട്ടിച്ചേർത്തതായി നിരൂപകർ കരുതുന്നു.

*ഇതാ! എന്റെ അമ്മയും സഹോദരന്മാരും.*
12,50 *എന്തെന്നാൽ, എന്റെ സ്വർസ്ഥപിതാവിന്റെ അഭീഷ്ടം പ്രവർത്തിക്കുന്നവനാരോ അവനാണ്എന്റെ സഹോദരനും സഹോദരിയും അമ്മയും.*

ഈ സംഭവം മറിയമിന് ദൈവപുത്രമാതൃസ്ഥാനം സംലഭ്യമാക്കാൻ അവളുടെ പങ്കിലെ അടിസ്ഥാന നിമത്തം സൂചിപ്പിക്കുന്നതാണ. അവൾ യേശുവിന്റെ സ്വർഗസ്ഥ പിതാവിന്റെ ഹിതം നിറവേറ്റി. അതിനാൽ അവൾ യേശുവിന്റെ അമ്മയായി.

ഈ രംഗം സമവീക്ഷണ സുവിശേഷങ്ങളെല്ലാം പകർത്തിയിട്ടുണ്ട് (മത്താ 12,46-50; മർക്കോ 3,31-35; ലൂക്കാ 8,9-21). യേശുവിന്റെ മാതാവാകാൻ മറിയം എന്തു ചെയ്തു? പുത്രൻ യേശുതന്നെ വ്യക്തമാക്കുന്നു: അവൾ സ്വർഗീയ പീതാവിന്റെ ഇച്ഛ അറിഞ്ഞു പ്രവർത്തിച്ചു.[1] ആ വസ്തുതയാണ് അവളും യേശുവും തമ്മിൽ മാതൃപുത്രബന്ധം ഉളവാക്കാൻ അവളുടെ ഭാഗത്തുനിന്നുള്ള അടിസ്ഥാന ദാനം. പുരുഷസ്പർശമേല്ക്കാതെ ഗർഭം ധരിക്കാനുള്ള പിതൃഹിതം പ്രാവർത്തികമാക്കുക മറിയമിന്റെയും യേശുവിന്റെയും സമുദായത്തിൽ അസംഭവ്യവും അനന്യ ഭാരവുമായിരുന്നു. മറിയം സ്വർഗസ്ഥ പിതാവിന്റെ ഹിതമനുസരിച്ചു. അതിനാൽ അവൾ അവിടുത്തെ പുത്രന്റെ മാതാവായി. അവളുടെ അടിസ്ഥാന - യഥാർഥ - മാതൃത്വത്തിന്റെ നിദർശനവും പ്രദർശനവുമായാണ് അവൾ യേശുവിനെ ശാരീരികമായി ഗർഭം ധരിച്ചതും പ്രസവിച്ചതും. പിതൃഹിതാനുഷ്ഠാനമാണ് മറിയമിന് ദൈവപുത്രന്റെ ശാരീരിക മാതാവാകാനിടയായ ഭാഗ്യത്തിനു നിമിത്തം.

അപ്രകാരംതന്നെയാണ് ജോസഫ് യേശുവിന്റെ പിതാവായതും. ജോസഫിന്റെ പിതൃത്വം ശാരീരികമല്ല. തീവ്രവേദനയുടെയും ദിവ്യദർശനഭയത്തിന്റെയും ദിനരാത്രങ്ങളിലൂടെ തെളിമയാർന്ന ദൈവേച്ഛ നിറവേറ്റി യേശുവിന്റെ അപ്പനായി. അതോടെ നിയമസങ്കല്പങ്ങളും വശംവദമായി. അവയുടെ സംരക്ഷണം തുണയേകി.

പിതൃഹിതം പ്രവർത്തിക്കുന്നവരുടെ പുതിയ കുടുംബം യേശു പണിയുകയാണ്. ശാരീരിക ബന്ധം മാത്രം ആസ്പദമാക്കി യേശുവിന്റെ കുടുംബബന്ധങ്ങൾ വ്യാഖ്യാനിക്കരുത്. അവന്റെ സങ്കല്പത്തിലെ പുതിയ കുടുംബത്തിൽ ആർക്കും അംഗമാകാം. അമ്മയാകാം. അച്ഛനുമാകാം. അതിൽ അമ്മയാകാൻ മറിയമിനെപ്പോലെ യേശുവിനെ ശാരീരികമായി ഗർഭം ധരിച്ചു പ്രസവിക്കേണ്ടാ. അതു മറിയമിനു മാത്രമുള്ള വിളിയാണ്. അതവൾ നിറവേറ്റി. അതിൽ

[1]ചിലർ തെറ്റിധരിക്കുമ്പോലെ, യേശു മറിയമിന്റെ മാതൃത്വം നിഷേധിക്കുകയല്ല.

അവൾ ചെയ്തത് ദൈവേഷ്ടം പ്രവർത്തിക്ക മാത്രം. അല്ലാതെയായിരുന്നെങ്കിൽ അവൾ ദൈവപുത്രനായ യേശുവിന്റെ അമ്മയാകില്ലായിരുന്നു. യേശുവിന്റെ സ്വർഗസ്ഥ പിതാവിന്റെ ഹിതം പ്രവർത്തിക്കുന്നവരെല്ലാം യേശുവിന്റെ ശിഷ്യരാണ്; അവന്റെ അമ്മയുടെ സഹോദരങ്ങളുമാണ്.

മത്തായിയുടെയും ലൂക്കായുടെയും സുവിശേഷങ്ങളനുസരിച്ച്, യേശു മുമ്പൊരിടത്തു പറഞ്ഞുവച്ചിട്ടുള്ളതിന്റെ തുടർച്ചയാണ് മത്താ 12,46-50ഉം ലൂക്കാ 8,19-21ഉം. യേശു സുദീർഘമായ ഗിരിപ്രഭാഷണം (ലൂക്കാ: സമതലപ്രഭാഷണം) സമാപിപ്പിച്ചു. യേശു പറഞ്ഞു:

> *അതിനാൽ, എന്റെ ഈ വചനങ്ങൾ കേൾക്കുകയും*
> *പ്രാവർത്തികമാക്കുകയും ചെയ്യുന്നയാൾ*
> *തന്റെ ഭവനം പാറമേൽ പണിത ബുദ്ധിമാനായ*
> *മനുഷ്യനു തുല്യനായിരിക്കും.*
>
> *മഴ പെയ്തു, വെള്ളപ്പൊക്കമുണ്ടായി;*
> *കാറ്റടിച്ചു, വീടിന്മേലടിച്ചു,*
> *പക്ഷേ, അതു വീണില്ല;*
> *കാരണം, അതു പാറമേൽ അടിസ്ഥാനമിട്ടതായിരുന്നു*
> (മത്താ 7,24-27; ലൂക്കാ 6,46-49).

മറിയവും ജോസഫും പാറമേൽ അടിസ്ഥാനമിട്ടു വീടു പണിതു. മഴയും വെള്ളപ്പൊക്കവും അതിനെ വീഴ്ത്തിയില്ല. കാറ്റടിച്ചെങ്കിലും അതു കുലുങ്ങിയില്ല. അവൾ ദൈവപുത്രനും ദാവീദുപുത്രനുമായ യേശുമിശിഹായുടെ അമ്മയായി. ജോസഫ് ദാവീദുപുത്രനായ മിശിഹായുടെ അപ്പനും.

### 1.7 പ്രതികരണം

സുവിശേഷകന്റെ ഉദ്ദേശം അനുവാചകന്റെ അറിവിന്റെ ഭാണ്ഡം നിറയ്ക്കുകയല്ല. അറിവു പകർന്ന് പ്രതികരിക്കാൻ ക്ഷണിക്കുകയാണ്. ക്രിസ്തുസുവിശേഷകനായ മത്തായിയുടെ തൂലികയുതിർക്കുന്ന മറിയം-ജോസഫ് ചിത്രങ്ങൾ നമുക്ക് വ്യക്തമായി. വിശേഷിച്ച്, മറിയമിന്റെ. എന്താകണം നമ്മുടെ പ്രതികരണം? സുവിശേഷകന്റെ ഉള്ളിലിരുപ്പ് എന്താവും? ചിത്രം വരച്ച തൂലിക തന്നെ ചലിക്കട്ടെ.

> *ജോസഫ് ഉറക്കത്തിൽനിന്നുണർന്ന്*
> *കർത്താവിന്റെ മാലാഖ തന്നോടു കല്പിച്ചതുപോലെ*
> *പ്രവർത്തിച്ചു. തന്റെ ഭാര്യയെ സ്വീകരിച്ചു;*
> *പുത്രനെ പ്രസവിക്കുംവരെ അവൻ അവളെ അറിഞ്ഞില്ല.*
> *അവന് യേശു എന്ന് അവൻ പേരിട്ടു* (മത്താ 1,24-25).

1.7.1 പ്രവചനപ്രകാരം കന്യ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിച്ചിരിക്കുന്നു. അവൾ അമ്മാനുയേലിനെ നലല്കി. ദൈവത്തെ മനുഷ്യരായ നമ്മോടുകൂടെ ആക്കിയിരിക്കുന്നു. സുവിശേഷകൻ മറിയമിനെ അവതരിപ്പിക്കുംവിധം അറിയാതെ അസ്വസ്ഥമായ അവസ്ഥയിൽ സ്വപ്നത്തിനുവേണ്ടി ഉറങ്ങണം. ദൈവേച്ഛയുടെ തിരിച്ചറിവിന് ദിവ്യസന്നിധിയിൽ ധ്യാനിക്കണം. ദൈവേഷ്ടത്തിന്റെ ഉറപ്പിന് ഭയത്തോടെ ദൈവത്തിലേക്കു തിരിയണം. സുവിശേഷകനായ കർത്തൃദൂതന്റെ വചനം കേട്ടുണരണം. കല്പിച്ചിട്ടുള്ളതു പോലെ മറിയമിനെ സ്വീകരിക്കണം. ദൈവപുത്രന്റെ അമ്മയായി. ദാവീദുസുതന്റെ മാതാവയി. അബ്രാഹമിന്റെ പുത്രന്റെ അംബികയായി. രക്ഷകനായ ക്രിസ്തുവിന്റെ അമ്മയായും ജോസഫിന്റെ ഭാര്യയായും. കന്യകമാതാവായും.

1.7.1.1 വിശ്വാസിയായ അനുവാചകനെ സുവിശേഷകൻ ക്ഷണിക്കുന്നു. മറിയവുമൊത്തുള്ള പില്ക്കാല ജീവിതത്തിൽ ജോസഫ് അവളോടു ശാരീരിക ബന്ധം പുലർത്തിയോ ഇല്ലയോ എന്നാരായാനല്ല. അങ്ങനെയൊരധ്വാനം അനുവാചകരുടെമേൽ കയറ്റിവയ്ക്കാൻ സുവിശേഷകൻ ഒരുമ്പെടില്ല. ഒരിക്കലും ജോസഫ് 'അറിയാത്ത' കന്യകാമാതാവാണ് മറിയം എന്ന സുവിശേഷസത്യം ഗ്രഹിക്കണം. അവളുടെ മടിയിലെ മകനെ ദൈവത്തിന്റെ പുത്രൻ എന്നും യേശു - രക്ഷകൻ -എന്നും വിളിക്കണം.

1.7.1.2 കർത്താവിന്റെ മാലാഖയുടെ കല്പന അനുസരിച്ച് ജോസഫ് പൈതലിനെയും അവന്റെ അമ്മയെയും കൂട്ടി ഈജിപ്തിലേക്കും തിരിച്ച് ഇസ്രായേലിലേക്കും നസറത്തിലേക്കും യാത്ര ചെയ്തു. രക്ഷയ്ക്കു വേണ്ടിയുള്ള വിശ്വാസിയുടെ ജീവിതയാത്ര വേദനയും രക്ഷയും സമ്മാനിക്കുന്നതാണ്. യാത്ര പൈതലിനെയും അമ്മയെയും കൂട്ടിയാകണം. അമ്മയുടെ അരികിലെ അമ്മാനുയേൽ ആശ്വാസശക്തിയാകുന്നു.

1.7.2 *അവർ വീട്ടിൽ പ്രവേശിച്ച്*
*പൈതലിനെ അവന്റെ അമ്മയായ മറിയമോടൊത്തു കണ്ടു.*
സാഷ്ടാംഗം വീണ് അവനെ ആരാധിച്ചു;
നിക്ഷേപങ്ങൾ തുറന്ന് ... ... (മത്താ 1,11-12).

ദൈവജിത്തിന്റെ രാജാവിന്റെ പിറവിയുടെ പ്രപഞ്ചലക്ഷണം വാനവിജ്ഞാനികൾ വായിച്ചറിഞ്ഞു. അവരുടെ വിജ്ഞാനം പ്രവചനവിജ്ഞാനികളുടെ വിജ്ഞാനംകൊണ്ടുറപ്പിച്ചു. അറിവ് അറിവുകൊണ്ടുറപ്പിച്ചു. ബേത്ലഹേമിൽ പൈതൽ പിറന്ന ഭവനത്തിലെത്തി. അവനെ അമ്മയോടൊത്തു ദർശനം കിട്ടി. ആരാധിച്ചു. നിക്ഷേപപാത്രം തുറന്നു കാഴ്ചയർപ്പിച്ചു. മനുഷ്യനായി പിറന്ന

ദൈവപുത്രനെ ദർശിക്കാൻ അവനെ അവന്റെ അമ്മയോടൊത്തു കാണണം. അമ്മയോടൊത്തു കാണാത്തവർക്ക് യേശുവിന്റെ മനുഷ്യത്വത്തിന്റെ പൂർണതയും ദൈവത്വത്തിന്റെ ദർശനവും കാണാമറയത്താകും. അമ്മാനുയേലിനെ അറിയാൻ അവന്റെ കന്യകയായ അമ്മയോടൊത്തു സ്വീകരിക്കണം. ഭവനത്തിൽ പ്രവേശിച്ച് അമ്മയോടുകൂടെയുള്ള യേശുവിന്റെ മുമ്പിൽ ഹൃദയച്ചെപ്പു[1] തുറന്ന് തിരുമുൽക്കാഴ്ച സമർപ്പിക്കാൻ വിശ്വാസിയുടെ സന്മനസ് സുവിശേഷത്തിൽ തെളിയുന്ന ആവശ്യമാണ്. പ്രപഞ്ചസൂചനകളും തിരുവചനവും സൂക്ഷ്മമായി തിരിച്ചറിയണം. അവ കൂട്ടിവായിക്കണം. അനുവാചകനിൽ സുവിശേഷകൻ അർപ്പിച്ചിട്ടുള്ള വലിയ പ്രതീക്ഷയാണ്. സുവിശേഷവചനത്തിലധിഷ്ടിതമായ പിതൃഹിതം നിറവേറ്റി യേശുവിന്റെ അമ്മയും സഹോദരനും സഹോദരിയും ആകുന്നവരെല്ലാം യേശുവിന്റെ ശിഷ്യരാകുന്നു.

[1]നിക്ഷേപം എന്നതിനുപയോഗിച്ചിട്ടുള്ള ഗ്രീക്കുവാക്കിന് ഈ അർഥവുമുണ്ട്

# 2. മറിയം ലൂക്കായുടെ സുവിശേഷത്തിൽ

മൂന്നാം സുവിശേഷത്തിൽ മൂന്നിടങ്ങളിൽ മറിയമിനെ കാണാം: ബാല്യകാലസുവിശേഷം (ലൂക്കാ 1-2), യേശുവിന്റെ വചനശുശ്രൂഷയ്ക്കിടെ അമ്മയും സഹോദരന്മാരും തിരക്കി വരുന്ന രംഗം (ലൂക്കാ 8,19-21), യേശുവിന്റെ വചനശ്രോതാക്കളിലൊരുവൾ ഭാഗ്യം പ്രസ്താവിക്കുന്ന രംഗം (ലൂക്കാ 11,27-28) എന്നിവ. ഒന്നാം രംഗത്തിന്റെ സമാന്തരം മത്താ 12,46-50ലുണ്ട് (മുകളിൽ പേജ് 18-20).

## 2.1 മറിയം ബാല്യകാല സുവിശേഷത്തിൽ (ലൂക്കാ 1-2)

ലൂക്കായുടെ സുവിശേഷം 1-2 അധ്യായങ്ങൾക്ക് ഒരു പൊതു സംവിധാനക്രമമുണ്ട്. ലൂക്കാ 1,1-4: പ്രസാധകക്കുറിപ്പ്. ബാക്കി ഭാഗം ഏഴ് രംഗങ്ങളായി സജ്ജീകരികരിച്ചിട്ടുണ്ട്.[1] അവ കോർത്തിണക്കി ചിട്ടപ്പെടുത്തിയിരിക്കയാണ്. യേശുവിനെക്കുറിച്ചു നാല് രംഗങ്ങൾ. സ്നാപകനെ സംബന്ധിച്ച് രണ്ട്; ഇരുവരെയും ബന്ധിപ്പിച്ച് ഒന്ന്.

യേശുവിനെ ആസ്പദമാക്കിയുള്ള രംഗങ്ങൾ ഇവയാണ്: (1) മാലാഖ മറിയമിനോടു ഗർഭധാരണവും പ്രസവവും മുന്നറിയിയ്ക്കുന്നു (ലൂക്കാ 1,26-38). (2) യേശുവിന്റെ ജനന, നാമകരണ വിവരണങ്ങൾ (ലൂക്കാ 2,1-22). (3) യേശുവിനെ ദേവാലയത്തിൽ കാഴ്ചവയ്ക്കുന്ന രംഗം (ലൂക്കാ 2,22-40). (4) യേശു പന്ത്രണ്ടാം വയസ്സിൽ ജറുസലേംദേവാലയത്തിൽ (ലൂക്കാ 2,41-52). സ്നാപക രംഗങ്ങളിൽ സഖറിയായോടുള്ള അറിയിപ്പിന്റെ വിവരണവും (ലൂക്കാ 1,5-25) സ്നാപകന്റെ ജനനം, പരിച്ഛേദനം, നാമകരണം മുതലായവയും (ലൂക്കാ 1,59-80) ചേർത്തിരിക്കുന്നു. ഗർഭിണികളായ മറിയമിന്റെയും ഏലിസബേത്തിന്റെയും കൂടിക്കാഴ്ച (ലൂക്കാ 1,30-56) യേശുവും സ്നാപകനും തമ്മിലുള്ളതായും ഭവിക്കുന്നു. ഈ ഏഴു രംഗങ്ങളിൽ മിക്കവയിലും മറിയം മിന്നിത്തിളങ്ങുന്നു മാനുഷിക കഥാപാത്രങ്ങളിൽ പ്രമുഖ അവളാണ്. ഗർഭസ്ഥിതരായ സ്നാപകനെയും യേശുവിനെയും സന്ധിപ്പിക്കാൻ മറിയമാണ് തുടക്കമിട്ടതുതന്നെ (ലൂക്കാ 1,39). മറിയശാസ്തരമല്ല സുവിശേഷത്തിന്റെ പ്രതിപാദ്യം. രക്ഷകനും കർത്താവും മിശിഹായും ദൈവപുത്രനുമായ യേശുവിന്റെ മനുഷ്യനായിത്തീരലിനോട് അനുബന്ധിച്ചു നടന്ന ദൈവികസംഭവങ്ങളിലൂടെ അദ്ദേഹത്തെ അവതരിപ്പിക്കുകയാണ് സുവിശേഷകൻ. സ്നാപകനെക്കാൾ പ്രാമുഖ്യം യേശുവിനാണെന്നു ദ്യോതിപ്പിക്കുംവിധം സംഭവങ്ങൾ ക്രമീകരിച്ചിരിക്കുന്നു. അവയിൽ മറിയമിന്റെ പങ്കുണ്ട്. അവളുടെ മഹനീയ മാധ്യസ്ഥമുണ്ട്. അവളിലൂടെയാണ് ദൈവപുത്രൻ മനുഷ്യനായി

[1] R.E.Brown, *The Birth of the Messiah*, 250

ജനിക്കുക. ഉദരസ്ഥിതാവസ്ഥയിലെ അവനെ അവൾതന്നെ പ്രകാശിപ്പിക്കുകയും ചെയ്യുന്നു. മറിയമിനെക്കുറിച്ച് ഏറെ പറയുന്നവയാണ് സുവിശേഷവിവരണങ്ങൾ.

### 2.1.1 മറിയം മംഗളവാർത്താവിവരണത്തിൽ (ലൂക്കാ 1,26-38)

ബാല്യകാലസുവിശേഷത്തിലെ മറിയമിനെ രംഗങ്ങളുടെ ക്രമവും മുറയുമനുസരിച്ച് അവതരിപ്പിക്കാനല്ല നമ്മുടെ ശ്രമം. ആ രംഗങ്ങളിൽനിന്ന് മറിയമിനെക്കുറിച്ച് ഏതാനും ചിന്താധാരകൾ വെളിച്ചത്തു കൊണ്ടുവരുക. അങ്ങനെ അവളുടെ മഹിമയാർന്ന സേവനം മനസിലാക്കുക. എങ്കിലും, വിവരണത്തിന്റെ സാഹിതീയ സവിശേഷത മൂലം മംഗളവാർത്ത പ്രത്യേകം പരിഗണിക്കുക സുവിശേഷാനുസൃതമായൊരു മരിയ ദർശനത്തിനു കൂടിയേ തീരൂ.

#### 2.1.1.1 മംഗളവാർത്താവിവരണത്തിന്റെ സാഹിത്യഘടനയും മറിയവും

മാലാഖയും മറിയവും തമ്മിലുള്ള അഭിമുഖാഖ്യാനത്തിന് സവിശേഷമായൊരു സാഹിത്യഘടനയുണ്ട്. സംഭാഷണത്തിന് പല ഘടകങ്ങൾ കൊരുത്തുചേർത്ത ക്രമമുണ്ട്. ഇക്കാര്യത്തിൽ ഉത്പ 16,7- 13ൽ കർത്താവിന്റെ ദൂതനും ഹാഗാറും തമ്മിലുണ്ടായ അഭിമുഖത്തോട് ഏറെ സാമ്യമുണ്ട് കർത്താവിന്റെ ദൂതനും മറിയവും തമ്മിലുള്ള അഭിമുഖത്തിന്. മാലാഖയും മറിയവും തമ്മിലുള്ള അഭിമുഖത്തിന്റെ ഘടന:

**സമാഗമം: അഭിവാദനവും പ്രതികരണവും**

അഭിവാദനം

ലൂക്കാ 1,26 ആറാം മാസത്തിൽ ഗബ്രിയേൽമാലാഖ ഗലീലിയിൽ
നസറത്തെന്നു നാമമുള്ള നഗരത്തിലേക്ക്
ദൈവത്താൽ അയക്കപ്പെട്ടു.
1,27: ദാവീദിന്റെ കുടുംബത്തിൽപ്പെട്ട ജോസഫ് എന്നു
പേരുള്ള പുരുഷനുമായി
വിവാഹവാഗ്ദാനം കഴിഞ്ഞിരുന്ന കന്യകയുടെ
അടുത്തേക്ക്.
കന്യകയുടെ പേര് മറിയം എന്നായിരുന്നു.
1,28 കന്യകയുടെ പക്കലേക്കു വന്ന് അവൻ പറഞ്ഞു:
കൃപ നിറഞ്ഞവളേ, ആനന്ദിച്ചാലും,
കർത്താവ് നിന്നോടുകൂടെ!

പ്രതികരണം

1,29 ഈ വചനത്തിൽ അവൾ അതീവം അസ്വസ്ഥയായി;

ഇതെന്ത് അഭിവാദനമാണെന്ന് പര്യാലോചിച്ചു
കൊണ്ടിരിക്കുകയും ചെയ്തു.

26-27 വാക്യങ്ങളിൽ മറിയമിനെയും മാലാഖയെയും രംഗത്തവതരിപ്പിക്കുന്നു. 28-ാം വാക്യത്തിൽ മാലാഖ മറിയമിനെ അഭിവന്ദനം ചെയ്യുന്നു. പ്രത്യേക അർഥവിവക്ഷയുള്ള വിശേഷണങ്ങൾ ചേർത്താണ് മാലാഖ അവളെ അഭിവന്ദനം ചെയ്യുക. മറിയമിന്റെ പ്രതികരണം വാക്യം 29ൽ. അസാധാരണമായ അഭിവാദന,പ്രതികരണങ്ങളടങ്ങുന്ന സമാഗമമാണ് 26-29 വാക്യങ്ങളിലേത്. ഇത്തരം സമാഗമ സംവിധാനക്രമത്തോടെ ആഖ്യാനം ആരംഭിക്കുന്ന രീതി ബൈബിളിൽ പലയിടത്തുണ്ട്. പ്രത്യേക ദൗത്യത്തിനു നിയുക്തരായവരുടെ നിയോഗവിവരം ആഖ്യാനം ചെയ്യുന്ന ഇടങ്ങളിൽ. ദൈവവിളിവിരണം അഥവാ ദൈവാഹ്വനത്തിന്റെ ആഖ്യാനം എന്ന് തരംതിരിച്ചിട്ടുള്ള ഒരു സാഹിതീയരൂപമാണിവയുടേത്. മോശ (പുറ 3,1-2.10), ഗിദയോൻ (ന്യായ 6,11-24), ജെറെമിയ (ജറെ 1,4-10) എന്നിവരുടെ വിളിവിരണങ്ങൾ ഉദാഹരണങ്ങളാണ്. രക്ഷാചരിത്രത്തിന്റെ നിർണായക നിമിഷങ്ങളിൽ ദൗത്യനിർവഹണത്തിന് കർത്താവ് അവരെ വിളിച്ചു. അവരുടെ ആഹ്വാനാഖ്യാനരൂപങ്ങൾ ലൂക്കാ സ്വീകരിച്ചിരിക്കുന്നു. പ്രത്യേകിച്ച്, ഗിദയോന്റെ വിളിയുടെ വിവരണം (ന്യായ 6,12 || ലൂക്കാ 1,28). മറിയമിന്റെ ദൗത്യം തുടർന്നുവരുന്ന വാക്യങ്ങളിലുണ്ട് (ലൂക്കാ 1,30-33).

**ദൗത്യദാനം** (ജനന അരുളപ്പാട്)

1,30 *മാലാഖ അവളോടു പറഞ്ഞു:*
*ഭയപ്പെടേണ്ടാ, മറിയം,*
*എന്തെന്നാൽ, ദൈവസന്നിധിയിൽ നീ കൃപ*
*കണ്ടെത്തിയിരിക്കുന്നു.*

**ജനനം**

1,32 *ഇതാ! നീ ഗർഭം ധരിക്കയും പുത്രനെ പ്രസവിക്കു*
*കയും ചെയ്യും;*
*നീ അവനെ യേശു എന്നു പേരു വിളിക്കണം.*

**ഭാവി ഭാഗധേയം**

1,32 *അവൻ വലിയവൻ ആയിരിക്കും;*
*അത്യുന്നതന്റെ പുത്രൻ എന്നു വിളിക്കപ്പെടുകയും*
*ചെയ്യും;*
*ദൈവമായ കർത്താവ് അവന് അവന്റെ പിതാവായ*
*ദാവീദിന്റെ സിംഹാസനം നല്കുകുയം ചെയ്യും.*
1,33 *അവൻ യാക്കോബിന്റെ കുടുംബത്തിന്മേൽ*

*എന്നേക്കും രാജാവായി ഭരിക്കും.*
*അവന്റെ രാജ്യത്തിന് അവസാനമില്ലായിരിക്കും.*

സുധീരയാക്കുന്ന വാക്കുകളാണ് വാക്യം 30ൽ. ദൗത്യനിർവഹണത്തിന് കർത്തൃവിളി ലഭിച്ചവരുടെ പ്രഥമ പ്രതികരണം അസ്വസ്ഥതയും ഭയവിഹ്വലതകളുമാണ്. ആ അവസ്ഥയിൽ, അവരെ വിളിച്ചവൻ ധൈര്യമേകുന്നു. ഇതും ദൈവാഹ്വാനാഖ്യാനത്തിന്റെ വിശേഷമാണ് (ഉദാ: ജറെ 1,7-10).

വ്യത്യസ്തമായൊരു ആഖ്യാനരൂപത്തിലാണ് 31-38 വാക്യങ്ങൾ ചിട്ടപ്പെടുത്തിയിട്ടുള്ളത്. രക്ഷാകരപദ്ധതിയുടെ പണിയിൽ പ്രത്യേകം പങ്കെടുക്കാൻ പ്രത്യേകം വിളിക്കപ്പെട്ട പല മഹാത്മാക്കളുടെ ജനനം മുൻകൂട്ടി അറിയിക്കുന്ന ചില രംഗങ്ങൾ പഴയനിയമത്തിലുണ്ട്. ഇത്തരം ആഖ്യാനരൂപം ജനനത്തെക്കുറിച്ചുള്ള അരുളപ്പാട് അഥവാ പറവിപ്രവചനം[1] എന്ന് അറിയപ്പെടുന്നു. ഇക്കൂട്ടത്തിലാണ് ഇസ്മായേൽ (ഉത്പ 16,11), ഇസഹാക്ക് (ഉത്പ 17,19), സാംസൺ (ന്യായ 13,3-5), അമ്മാനുയേൽ (ഏശ 7,14-16) എന്നിവരുടെ ജനനത്തെക്കുറിച്ചുള്ള അരുളപ്പാടുകൾ. ഈ സാഹിതീയരൂപത്തിന്റെ ഘടനയും ശൈലിയും ലൂക്കാ മറിയമിനോടുള്ള ജനന അരുളപ്പാടിൽ പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

പിറവിപ്രവചനത്തിന്റെ പൊതുഘടനയും ഘടകങ്ങളും ഇവ്വിധമാണ്: പുത്രനെ പ്രസവിക്കും - (x) എന്നു പേരിടണം (+ പേരിന്റെ പദനിഷ്പത്തി) അവൻ (x) ദൗത്യം നിറവേറ്റും + ദൗത്യത്തിന്റെ വിശദീകരണം. ഹാഗാറിനോടും മറിയമിനോടുമുള്ള ജനനയരുളപ്പാടുകളുടെ സമവീക്ഷണത്തിൽ വ്യക്തമാക്കാം.

| | ഹാഗാർ (ഉത്പ 16,11) | മറിയം (ലൂക്കാ 1) |
|---|---|---|
| ഗർഭം ധരിക്കും | ഗർഭം ധരിച്ചിരിക്കുന്നു | ഗർഭം ധരിക്കും |
| ഒരു പുത്രനെ പ്രസവിക്കും | ഒരു പുത്രനെ പ്രസവിക്കും | ഒരു പുത്രനെ പ്രസവിക്കും |
| (x) പേരു വിളിക്കും | ഇസ്മായേൽ | യേശു |
| പേരിന്റെ വ്യാഖ്യാനം പദനിഷ്പത്തിയിൽ | കാരണം ദൈവം നിന്റെ കഷ്ടതകൾ കേട്ടിരിക്കുന്നു | — — |
| പുത്രന്റെ ദൗത്യം ഭാവി ഭാഗധേയം | അവൻ മനുഷ്യന്റെ ഇണങ്ങാത്ത കഴുതയായിരിക്കും | അവൻ വലിയവനായിരിക്കും (ലൂക്കാ 1,32-33) |

[1]പിറവിയെക്കുറിച്ചുള്ള പ്രവചനം എന്നതിനെക്കാൾ അരുളപ്പാടുകളാണ്

ദൈവത്തിന്റെ രക്ഷണീയകർമത്തിൽ അനിതരസാധാരണമായ ധർമനിർവഹണത്തിന് വരദാനം ലഭിച്ച മഹാത്മാക്കളുടെ പിറവിയെക്കുറിച്ചുള്ള അരുളപ്പാടുകളുടെ പ്രത്യേക ആഖ്യാനരൂപം യേശുവിന്റെ പിറവിയെക്കുറിച്ച് മറിയമിനോടുള്ള അരുളപ്പാടിലും സ്വീകരിച്ചിട്ടുണ്ട്. ഇത് സുവിശേഷകൻ ചെയ്തിട്ടുള്ളത് സോദ്ദേശ്യമാണുതാനും. മേല്പറഞ്ഞ മഹാത്മാക്കളുടെ ജന്മംപോലെ ശുഭകരവും അനാകസ്മികവുമാണ് യേശുവിന്റെ ജനനവും. ആഗമനപ്രതീക്ഷയുടെ പൂവണിയൽ. നിയതവും വ്യക്തവുമായ ദൈവികക്രമം അനുസരിച്ചുള്ളതാണ്. അതിന്റെ പൂർത്തീകരണവും. കാലത്തിന്റെ തികവിൽ ഇസ്രായേലിന്റെ ചരിത്രത്തിന്റെ പരമഘട്ടത്തിലെ രക്ഷകൻ പിറന്നു. പിറവിയുടെ ആഖ്യാനത്തിൽ മറിയമിന്റെ മഹത്വവും അനാവൃതമാകുന്നു.

ചരിത്രം നിർമിക്കുന്നവനും നിയന്ത്രിക്കുന്നവനും മറിയമിനെ വിളിച്ചു. രൂപപ്പെടുത്തിക്കൊണ്ടിരിക്കുന്ന ചരിത്രത്തിലെ നിർണായകമായൊരു സന്ധിയിൽ പ്രത്യേകമൊരു ദൗത്യം പൂർത്തിയാക്കാൻ. പഴയനിയമഘട്ടത്തിൽ ചിലരെ വിളിച്ചതുപോലെ. വിളിയുടെ ശ്രേണിയിൽ മറിയമിന്റേത് അത്യുന്നതവും അനന്യവുമാണ്.

വലിയവനും അത്യുന്നതന്റെ പുത്രൻ എന്നു വിളിക്കപ്പെടുന്നവനും ആയവനെ ഗർഭംധരിച്ചു പ്രസവിക്കുക എന്ന ദൗത്യനിർവഹണത്തിന് മറിയമിനെ ദൈവം വിളിച്ചു. അവിടുന്നു സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന രക്ഷാചരിത്രത്തിൽ യാക്കോബിന്റെ ഭവനത്തിനും, അതിൽ ദാവീദിനും അവന്റെ സിംഹാസനത്തിനും മറ്റാർക്കുമില്ലാത്ത സവിശേഷ സ്ഥാനമുണ്ട്. അത്യുന്നതന്റെയും ദാവീദിന്റെയും പുത്രന്റെ അന്തമില്ലാത്ത രാജത്വം സ്ഥാപിക്കാൻ യാക്കോബിന്റെ ഭവനത്തിന്മേൽ നിത്യകാല രാജഭരണത്തിന് ദാവീദിന്റെ സിംഹാസനത്തിലിരിക്കേണ്ടവന്റെ അമ്മയാകാനുള്ള അനുപമാഹ്വാനം ദൈവം സ്വന്തമായും സ്വതന്ത്രമായും മറിയമിനു നല്കി. ദൗത്യം ഏല്പിച്ചപ്പോളുണ്ടായ മറിയമിന്റെ ശാന്തഗംഭീരമായ പ്രതികരണവും കർത്താവിന്റെ മറുപടിയും സുവിശേഷവിവരണത്തിലുണ്ട്.

**വിസമ്മതം (സംശയം)**

ലൂക്കാ 1,34 *മറിയം മാലാഖയോടു പറഞ്ഞു:*
*ഇതെങ്ങനെ സംഭവിക്കും?*
*എന്തെന്നാൽ, ഞാൻ പുരുഷനെ അറിയുന്നില്ലല്ലോ.*

**സംശയനിവാരണം - ദൈവസഹായവാഗ്ദാനം**

1,35 *മാലാഖ മറുപടിയായി അവളോടു പറഞ്ഞു:*
*പരിശുദ്ധാത്മാവ് നിന്മേൽ ആഗമിക്കും;*
*അത്യുന്നതന്റെ ശക്തി നിന്മേൽ ആവസിക്കും.*

*അതിനാൽ, നിന്നിൽനിന്നു ജനിക്കാനിരിക്കുന്ന*
*ശിശു പരിശുദ്ധൻ ദൈവപുത്രൻ*
*എന്നു വിളിക്കപ്പെടും.*

**അടയാളം**

1,36 *ഇതാ! നിന്റെ ചാർച്ചക്കാരി എലിസബേത്തും*
*അവളുടെ വാർദ്ധക്യത്തിൽ ഒരു പുത്രനെ*
*ഗർഭംധരിച്ചിരിക്കുന്നു.*
*വന്ധ്യ എന്നു വിളിക്കപ്പെടുന്ന അവൾക്ക് ഇത്*
*ആറാം മാസമാണ്.*
1,37 *എന്തെന്നാൽ, ദൈവത്തിന് ഒരു കാര്യവും*
*അസാധ്യമല്ലല്ലോ.*

ദൗത്യദർശനം മറിയമിനെ ആത്മവിചിന്തനത്തിനു പ്രേരിപ്പിച്ചു ദൗത്യനിർവഹണത്തിനു തടസ്മായ അസാദ്ധ്യത അവൾ ചൂണ്ടിക്കാട്ടുന്നു (1,34). ദൗത്യം ഏല്പിക്കുമ്പോൾ വിസമ്മതം പറയുന്ന രീതി പിറവിപ്രവചനാഖ്യാതങ്ങളുടേതുമാണ്. ദൈവവിളിവിരണങ്ങളിലുണ്ടെന്ന് മുമ്പേ നാം കുറിച്ചിട്ടുണ്ടല്ലോ. മോശയെയും ഗിദയോനെയും ഏശയ്യായെയും ജെറെമിയായെയുമൊക്കെ കർത്താവ് വിളിച്ചപ്പോൾ അവരെല്ലാം തടസം പറഞ്ഞു. ''കർത്താവേ, ഇസ്രായേലിനെ ഞാനെങ്ങനെ രക്ഷിക്കും? മനാശ്ശെഗോത്രത്തിൽ എന്റെ കുടുംബം ഏറ്റവും താണതും എന്റെ കുടുംബത്തിൽത്തന്നെ ഞാൻ ഏറ്റവും നിസാരനുമല്ലോ?'' (ന്യായ 6,15). ഗിദയോന്റെ പ്രതികരണം. ഏശയ്യാ പറഞ്ഞു: ''ഞാൻ അശുദ്ധ അധരങ്ങളുള്ള മനുഷ്യനാണ്'' (ഏശ 6,5). കർത്തൃവചനം പ്രഘോഷിക്കാൻ അയോഗ്യനാണ്.

തടസവും വിസമ്മതവും സമർപ്പിച്ചവരെയെല്ലാം വിളിച്ച കർത്താവ് ധൈര്യപ്പെടുത്തി. സഹായവാഗ്ദാനവും അടയാളവും നല്കി. വിളി സ്വീകരിച്ച് ദൗത്യം ഏറ്റെടുക്കാൻ ശക്തീകരിച്ചു. ഈ സമീപനവും ദൈവവിളിവിരണങ്ങളുടെ ആഖ്യാനസങ്കേതങ്ങളിലൊന്നാണ്. തടസം പറഞ്ഞ ഗിദയോനോടു കർത്താവ് പറഞ്ഞു: ''ഞാൻ നിന്നോടൊത്തുണ്ടായിരിക്കും. നീ ഒറ്റയ്ക്ക് മെദിയാൻകാരെയാകെ അടിച്ചുവീഴ്ത്തും.'' തുടർന്ന് ഗിദയോന് അടയാളം കൊടുത്തു. ദൈവസഹായത്തിന്റെ ഉറപ്പ് (ന്യായാ 6,16-23). തീജ്വാല പോലെ എരിയുന്ന മാലാഖ തീക്കനൽകൊണ്ട് ഏശയ്യായുടെ അധരങ്ങളെ സ്പർശിച്ചു ശുദ്ധീകരിച്ചു ശക്തമാക്കി (6,6-8).

ഞാൻ പുരുഷനെ അറിയുന്നില്ല. രണ്ടു തടസങ്ങളുണ്ട് മറിയമിന്.